ശ്രീമതി മോർഗ്ഗവി തങ്കപ്പൻ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ബെന്നി ബഹനാൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച് എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(2) 1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ഭേദഗതി ബിൽ

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, 1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഡെ. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. കെ. വേലായുധൻ: ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളും വിവരിച്ചു കൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുമരാമത്തും ഗതാഗതം, വാർത്താവിനിമയവും സംബന്ധിച്ച അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. പി. കെ. വേലായുധൻ: ഇതിൽ കാര്യമായിട്ടൊന്നും എനിക്കു പറയാനില്ല. മുന്നൂറു രൂപയ്ക്ക് താഴെ മോട്ടോർ ടാക്സ് നാലു ക്വാർട്ടറായി അടയ്ക്കേണ്ടി വരുന്നവർക്ക് രജിസ്റ്റർ ചെയ്ത ക്വാർട്ടറിൽ തന്നെ ഒരു വർഷത്തേയ്ക്ക് ഉള്ള മുഴുവൻ നികുതിയും ഒന്നിച്ച് അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ടാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ആദ്യത്തേത്. ഇതുകൊണ്ട് ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും, ആർ. ടി. ഒ. ആഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും വാഹന ഉടമകൾക്ക് പ്രയാസങ്ങൾ കുറഞ്ഞു കിട്ടാനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ ദ്വേഗതിയെന്നു പറയുന്നത്, ഇരുപതു സീറ്റുള്ള വാഹനങ്ങൾക്ക് നേരത്തെ ചുമത്തിയിരുന്ന ഇരുനൂറു രൂപയുടെ നികുതി ഇളവു ചെയ്തത് അത് നൂറു രൂപയാക്കി നിശ്ചയിക്കുന്ന ഒരു നടപടിയാണ്. ഇത് 1984 നവംബറിൽ ഒരു ഓർഡിനൻസ് മുഖാന്തിരം കൊണ്ടുവരികയും 1985 ജനുവരിയിൽ നിലവിൽ വരികയും ചെയ്തു. പക്ഷേ നിയമമാക്കുന്നതിന് സാധിക്കാതെവന്നതുകൊണ്ടാണ്, ഇപ്പോൾ സഭയിൽ അവതരിപ്പിക്കേണ്ടിവന്നത്.

ശ്രീ. വി.കെ. രാജൻ : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുകയാണ്.

"This House resolves to disapprove the Kerala Motor Vehicles Taxation (Amendment) Ordinance, 1986 (Ordinance No. 51 of 1986).

ഈ ബില്ലിൽ വളരെ ചെറിയ കാര്യങ്ങളാണ് പറയുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്ന വകുപ്പാണ് ഗതാഗത വകുപ്പ് എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. അഴിമതി നടന്നതിനെപ്പറ്റി പറയുകയാണെങ്കിൽ അത്തരം കുറെ കാര്യങ്ങൾ പറയേണ്ടതായി വരും. മോട്ടോർ വാഹന നിയമങ്ങൾ മന്ത്രിമാർപോലും പരിപാലിക്കുന്നില്ല. വാഹനമോടിച്ച് ആളുകളെ കൊല്ലുന്ന കാര്യം മാത്രമല്ല പറയുന്നത്. അതുപോലുള്ള നിരവധി കാര്യങ്ങളുണ്ട്. നമ്മുടെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും കൊന്ന ആളുകളുടെ കണക്കുകളൊക്കെ ചോദ്യോത്തരവേളയിൽ പറഞ്ഞിട്ടുണ്ട്. ഇനിയും നിർബാധം കൊല്ലുമെന്ന് പ്രഖ്യാപിക്കുന്നു മുഖ്യമന്ത്രി. മുഖ്യമന്ത്രിയാകുമ്പോൾ കൂടുതൽ നടക്കും. ആർ.ടി.എ. ആഫീസുകളിൽനിന്ന് വാഹനങ്ങൾക്ക് നമ്പർ പ്ലേറ്റ് കിട്ടും. ആ നമ്പർ പ്ലേറ്റ് വച്ചിട്ടാണോ മന്ത്രിമാർ കാറുകൾ കൊണ്ടുനടക്കുന്നത്? സ്റ്റേറ്റ് കാർ എന്ന് ബോർഡ് വച്ചിട്ട് നമ്പർ പ്ലേറ്റെടുത്ത് ഡിക്കിയിലിടും.

ശ്രീ. ബെന്നിബെഹനാൻ : അങ്ങയുടെ നേതാവ് ശ്രീ. അച്ചുതമേനോൻ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോഴും നമ്പർ പ്ലേറ്റുകൾ മാറ്റി കേരള സ്റ്റേറ്റ് നമ്പർ-1 എന്ന് വച്ചുകൊണ്ട് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.കെ. രാജൻ : ഞാൻ ഇപ്പോഴത്തെ ബില്ലിനെക്കുറിച്ചാണ് പറയുന്നത്. ഇപ്പോഴത്തെ മന്ത്രിമാർ ചെയ്യുന്ന ചെയ്തികളെക്കുറിച്ചാണ് പറയുന്നത്. നേരത്തെ ഇവിടെ ശ്രീ. എ.സി. ഷൺമുഖദാസ് അതില്ലാതെ പ്രവർത്തിച്ചിട്ടുമുണ്ട്. അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് നമ്പർ പ്ലേറ്റ് വയ്ക്കാതെ കാറിൽ സഞ്ചരിച്ചിട്ടുണ്ട്. അത് 1970-ലാണ്. ഇപ്പോൾ 1986 ആണ്.

ശ്രീ. വി.ജെ. തങ്കപ്പൻ : ശ്രീ. അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ജനങ്ങൾക്ക് സൈ്വരമായി റോഡിൽക്കൂടി നടക്കാമെന്നും ആരെയും കാറുകയറ്റി കൊന്നിട്ടില്ലെന്നുമുള്ള കാര്യം ശ്രീ. രാജന് അറിയാമോ ?

ശ്രീ. വി.കെ. രാജൻ : അക്കാര്യം ഞാൻ ആദ്യം പറഞ്ഞതാണ്. കാറുകയറ്റി ഇനിയും ആളുകളെ കൊല്ലുമെന്ന് പറയുന്ന മുഖ്യമന്ത്രിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നിബെഹനാൻ : ശ്രീ. അച്ച്യുതമേനോൻ ഇവിടെ മുഖ്യമന്ത്രിയായിരുന്നപ്പോഴും ആളുകൾക്ക് സൈ്വരമായി റോഡിൽ കൂടി നടക്കാൻ സൗകര്യമുണ്ടാക്കിയത്, അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരനാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. വി.കെ. രാജൻ : എന്തായാലും ഞാൻ ഈ ചോദ്യത്തിന് മറുപടി പറയുന്നില്ല. വളരെയധികം അഴിമതി നടക്കുന്ന ഒരു വകുപ്പാണ് ഗതാഗത വകുപ്പ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ രണ്ടുകാര്യങ്ങളും ഓർഡിനൻസ് മുഖേന നടപ്പാക്കണമെന്ന്. ഒരു നിയമസഭയിൽ ചർച്ച ചെയ്ത് അംഗീകരിക്കേണ്ട സാമ്പത്തിക കാര്യങ്ങളും ഉൾക്കൊള്ളുന്ന കാര്യങ്ങളും നിയമസഭയോട് ഉത്തരവാപ്പെട്ട കാര്യങ്ങളാണ്. അത് ചെയ്യാതെ ഓർഡിനൻസ് മുഖാന്തിരം നടപ്പിലാക്കിയെന്ന് പ്രഖ്യാപിച്ചുകൊണ്ട് നിയമസഭയിൽ ബിൽ കൊണ്ടുവരുന്നതുതന്നെ അങ്ങയേയും നിയമസഭയേയും അവഹേളിക്കലാണ്. അതാണ് ഇവിടെ നടന്നത്. ഈ നടപടിയെ ഒരിക്കലും അംഗീകരിക്കാൻ പാടില്ല. ഇവിടെ ധാരാളം ടാക്സി കാറുകൾ ഓടിക്കുന്നുണ്ട്, റോഡിനാണെങ്കിൽ വീതി വളരെ കുറവാണ്. ഗോവയിൽ മോട്ടോർ സൈക്കിളുകൾക്ക് ടാക്സി പെർമിറ്റ് കൊടുത്തിട്ടുണ്ട്. കേരളത്തിലും അത് പ്രയോഗിച്ചാൽ തരക്കേടില്ല. അങ്ങനെ ഗോവയിൽ ഏകദേശം രണ്ടായിരം മോട്ടോർ സൈക്കിളുകൾക്ക് ടാക്സി പെർമിറ്റ് കൊടുത്തിട്ടുള്ളത്. അങ്ങനെ പെർമിറ്റ് കൊടുത്തതിന്റെ ഫലമായിട്ട് സാധാരണക്കാരായ ആളുകൾക്കുപോലും പെട്ടെന്ന് ചെറിയ കൂലിക്ക് നിശ്ചിത സ്ഥലത്ത് പോയിട്ട് വരുന്നതിനും യാത്രാക്ലേശം കുറയ്ക്കുന്നതിനും സാധിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ദിവസംപ്രതി റോഡപകടങ്ങൾ നടക്കുകയാണ്. അതിന്റെ പ്രധാന കാരണം, റോഡുകൾക്ക് വീതിയില്ല, അഥവാ വീതിയുണ്ടായാൽത്തന്നെ അവ നന്നാക്കാനുള്ള ഏർപ്പാടില്ല. അതിന് വേണ്ട പണമില്ല. അതിനുള്ള ഒരു സാമ്പത്തികനയം ഈ ഗവൺമെന്റിനില്ല.

നേരത്തെ ശ്രീ. ടി.എസ്. ജോൺ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി, ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യ മന്ത്രിയായപ്പോൾ നാഷണൽ സേവിംഗ്സ് സ്കീം മുഖേന 140 കോടി രൂപ പിരിച്ചുവെന്ന്. ചെറിയ കച്ചവടക്കാരും റേഷൻകടക്കാരുമൊക്കെ പതിനായിരം രൂപ വരെ അടയ്ക്കണം. ആളുകളെ തല്ലിപിരിപ്പിക്കലല്ലായിരുന്നോ ? അങ്ങനെ പണമുണ്ടാക്കിയെന്നാണ് പറയുന്നത്. ആ പണമെല്ലാം എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്ന് നമുക്കെല്ലാവർക്കുമറിയാം. ഇതിൽനിന്ന് എത്ര കോടി രൂപ ശ്രീ. കരുണാകരൻ മുതൽ ശ്രീ. പി.കെ. വേലായുധൻ വരെയുള്ളവർ തട്ടിയെടുത്തിരിക്കുന്നു.

ശ്രീ. എം.എം. ഹസ്സൻ : ദേശീയ സമ്പാദ്യപദ്ധതി വഴി വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ആ തുക ചെലവാക്കുന്നതെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. രാജൻ : ആ തുകയുടെ ഒരു ഭാഗം നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കുന്നു. അക്കാര്യം ഞാൻ അംഗീകരിക്കുന്നു. ബാക്കിയൊക്കെ കേന്ദ്രക്കാർ കൊണ്ടുപോയിട്ട് അവരുടെ ഇഷ്ടത്തിനൊത്ത് ചെലവാക്കുകയാണ്. ഇൻഡ്യയെ ഇൻഡ്യയല്ലാതാക്കി മാറ്റുകയാണ്. നിങ്ങൾക്ക് താൽപ്പര്യമുള്ള കുറെയാളുകൾക്ക് കൃഷിക്കും വ്യവസായത്തിനും വേണ്ടിയുള്ള സൗകര്യങ്ങളുണ്ടാക്കിക്കൊടുത്ത് നിങ്ങൾ ഇൻഡ്യയെ ഇൻഡ്യയല്ലാതാക്കി മാറ്റിയിരിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : ഈ വകുപ്പിലെ അഴിമതിയുടെ കാര്യം ഏറ്റവും കൂടുതലായി അറിയാവുന്നത് ചെയറിൽ ഇരിക്കുന്ന ഡെപ്യൂട്ടി സ്പീക്കർക്കാണ്. അദ്ദേഹം വലിയ ബസ്സുടമസ്ഥനാണ്. അദ്ദേഹം ഓരോ മാസവും കൊടുക്കുന്ന നികുതി എത്രയാണെന്നൊന്നും എനിക്കറിയില്ല.

ശ്രീ. വി.കെ. രാജൻ : ആർ.ടി.ഒ. ഓഫീസിൽ നടക്കുന്ന അഴിമതികളെ സംബന്ധിച്ച് അങ്ങേക്കുമറിയാം. അവിടെ ഒരു മോട്ടോർ എഞ്ചിനീയറുണ്ട്. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ഓഫീസിൽ ചെല്ലുന്ന ആളുകളുടെ കാര്യങ്ങൾ പെട്ടെന്ന് ചെയ്തുകൊടുക്കുന്നതിന് ഉദ്യോഗസ്ഥൻമാർ കൈക്കൂലി മേടിക്കും. അതിന്റെ ഒരോഹരി എഞ്ചിനീയർമാർക്കും കൊടുക്കും. ആർ.ടി.ഒ. ഓഫീസിൽ അവർക്ക് അസോസിയേഷനുണ്ട്. ആ സംഘടന ശ്രീ. പി.കെ. വേലായുധന്റെ പേരിൽ പിരിവു വരെ നടത്തുന്നു. ഇക്കാര്യം ശ്രീ. പി.കെ. വേലായുധനു് അറിയാമോയെന്ന് എനിക്കറിയില്ല. ലൈസൻസ് കിട്ടുന്നതിനുവേണ്ടി അവർ പിരിവ് നടത്തുന്നു. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ അങ്ങയുടെ പേരിൽ എഞ്ചിനീയർമാരായി വർക്ക് ചെയ്യുന്ന ആളുകളുണ്ട്. പരേതനായ ശ്രീ. സാം ഉമ്മൻ പ്രസിഡന്റായിരുന്ന സംഘടന, ശ്രീ. ഇ.ജെ. ലൂക്കോസ് ഇപ്പോഴത്തെ പ്രസിഡന്റായിരിക്കുന്ന സംഘടന മുഖാന്തിരം പണപ്പിരിവ് നടത്തി രണ്ടുലക്ഷം രൂപ മന്ത്രിക്ക് കൊടുത്തു; രണ്ടുമൂന്ന് മാസം കൊണ്ട്. അതിന്റെ ബുദ്ധിമുട്ട് അങ്ങേയ്ക്കറിയാവുന്നതാണ്.

ആ സംഘടന പിരിവ് നടത്തുന്നത് ലൈസൻസ് കിട്ടുവാൻ വേണ്ടിയാണ്. പെർമിറ്റിനുവേണ്ടി പിരിക്കുന്ന സംഖ്യ ശ്രീ. വേലായുധൻ വാങ്ങിച്ച് ഈ തെരഞ്ഞെടുപ്പിനുമുമ്പ് കളത്തിലിറങ്ങരുത്. അതുകൊണ്ടാണ് ലീഡർ സംശയത്തിൽ നിറുത്തിയിരിക്കുന്നത്. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ ചെന്നാൽ ഒന്നും നടക്കില്ല. തൃശ്ശൂർ ആർ.ടി.ഒ. യെക്കുറിച്ച് ഞാൻ ഈ നിയമസഭയിൽ പറഞ്ഞതാണ്. എല്ലാ ആർ.ടി.ഒ.കളും അങ്ങനെയാണ്. ആർ.ടി.ഒ.യിൽ ഭരണപക്ഷത്തുള്ള അംഗങ്ങളെയാണ് അധികാരത്തിൽ കയറ്റിയത്.

ശ്രീ. എ.കെ. പത്മനാഭൻ : കൈക്കൂലി വാങ്ങാത്ത ആർ.ടി.ഒ, ഉദ്യോഗസ്ഥൻമാരെ എല്ലാം ഒഴിവാക്കി കൈക്കൂലി മാത്രം വാങ്ങുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥനെ നിയമിക്കാൻ ഗവൺമെൻറ് തീരുമാനമെടുക്കാൻ പോകുന്നു വെന്നകാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. വി.കെ.രാജൻ : സർ, അത് പ്രഖ്യാപിച്ചു. മൂന്ന് ഉദ്യോഗസ്ഥൻ മാരെ മാത്രം വച്ച് ആർ.ടി.ഒ. പുനഃ സംഘടിപ്പിക്കാനുള്ള പ്രഖ്യാപനം വന്ന തായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോഴും നിങ്ങൾക്ക് ഈ സംസ്ഥാനത്ത് നടക്കുന്ന കൈക്കൂലിയേയും അഴിമതിയേയും പറ്റി ഒരു പ്രത്യേക പരിഭാഷയുണ്ട്. അത് ഞാൻ പറയുന്നില്ല.

ശ്രീ. എം.കെ. കേശവൻ : സർ, ഈ ആർ.ടി.ഒ. ഓഫീസിലെ അഴിമതിയെ പ്പറ്റി അങ്ങ് പറഞ്ഞു. കൊല്ലത്തെ ആർ.ടി.ഒ. ഓഫീസിൽ നിന്ന് രണ്ട് പുതിയ ബസ്സിനു ഒരേ സമയം എഴുതി കൊടുത്തിട്ട് വണ്ടിയുടെ ഓണർമാർ തമ്മിൽ ചിന്നക്കടയിൽ വച്ച് അടിയുണ്ടായത് കേട്ടിട്ടുണ്ടോ ?

ശ്രീ. വി.കെ. രാജൻ : ഈ മേഖലയിൽ അത്തരം അനീതികളേ നടക്കു ന്നുള്ളൂ. ഇവിടെ ഞാൻ സൂചിപ്പിച്ചുവന്നത് അഴിമതിയെ സംബന്ധിച്ചാണ്. അവിടെ നടക്കുന്ന ഈ കൈക്കൂലി ആർക്കുവേണ്ടിയാണ് നടക്കുന്നതെന്ന് അറി യാമോ ? ഇതെല്ലാം എത്തേണ്ട സ്ഥലത്തെത്തുന്നു. മി. പി.കെ. വേലായുധൻ വന്നിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളൂ. അതുകൊണ്ട് അദ്ദേഹമാണ് ഇതെല്ലാം ചെയ്തതെന്ന് ഞാൻ പറയുന്നില്ല. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാരെ വയ്ക്കുമ്പോഴും, ജോയിൻറ് ആർ.ടി.ഒ. മാരെ വയ്ക്കുമ്പോഴും, ആർ.ടി. ഒ. മാരെ വയ്ക്കുമ്പോഴും എ.എം.വി.എ. മാരെ വയ്ക്കുമ്പോഴും ഇതിലെല്ലാം ലക്ഷക്കണക്കിന് ഉറുപ്പികയാണ് ആ തസ്തിക ലഭിക്കുന്നതിനുവേണ്ടി ആവശ്യ മായ വിധത്തിൽ കൊടുക്കേണ്ട ആളുകൾക്ക് കൊടുക്കേണ്ടത്. അത് കൊടുത്ത തിനുശേഷമേ അത്തരം പോസ്റ്റിംഗ് കിട്ടുന്നുള്ളൂ. ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് അഴിമതി നടക്കുന്നത് പുതിയ രീതിയിലാണ്.

സർ, ഞാൻ പറഞ്ഞുവന്നത് തൃശ്ശൂർ ആർ.ടി.ഒ.യെ സംബന്ധിച്ചാണ്. ആ തൃശ്ശൂർ ആർ.ടി.ഒ. യിൽ നിങ്ങളുടെ ഭരണകക്ഷിയുടെ തലവൻ ഡി.സി. സി. സെക്രട്ടറി, ആ ഡി.സി.സി. സെക്രട്ടറിയുടെ നേതൃത്വത്തിൽ, മുസ്ലീം ലീഗിൻെറ ഒരു മെമ്പർ ഒഴികെ തൃശ്ശൂർ ആർ.ടി.ഒ.യിലെ മുഴുവൻ മെമ്പർ മാരും പതിനായിരം മുതൽ ലക്ഷം വരെ വാങ്ങിച്ച് കോടിക്കണക്കിന് ഉറുപ്പിക സമ്പാദിച്ചു, ഇപ്പോഴും ഔദ്യോഗിക അംഗങ്ങളെ മാറ്റി അനുദ്യോഗസ്ഥ അംഗ ങ്ങളെ മാത്രം വയ്ക്കാൻ നിങ്ങൾ തീരുമാനിക്കുന്നത് ഇതിൽ അഴിമതി നടത്തി യെന്ന് തോന്നിയിട്ടല്ലേ ?

ശ്രീ. കെ. ശങ്കരനാരായണ പിള്ള : ഈ അഴിമതി ഒരു ആഗോളപ്രതിഭാസ മാണെന്ന് അന്തരിച്ച പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി പറയുകയും

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കോൺഗ്രസ്സുകാർക്കും അതിന്റെ വിഹിതമാകാമെന്നും പറഞ്ഞിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : അതും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ പറഞ്ഞുവന്ന അഴിമതിയുടെ കാര്യം പറയട്ടെ. ഈ ആർ. ടി. ഒ. മെമ്പർമാർ വാങ്ങിച്ച ലക്ഷക്കണക്കിന് ഉറുപ്പികയുടെ കാര്യത്തിൽ അന്വേഷണം നടത്താൻ അങ്ങ് തയ്യാറുണ്ടോ ? ഡി. സി. സി. സെക്രട്ടറി, ആ ജോസ് കാട്ടുക്കാരൻ മുൻനിന്നുകൊണ്ട് ബസ് പെർമിറ്റുകൊടുക്കുന്നതിന് അനുവദിക്കാത്ത വരിൽനിന്നും കോടിക്കണക്കിന് ഉറുപ്പിക ഈ കാലഘട്ടത്തിൽ വാങ്ങിച്ചിരിക്കുന്നു. അതിനെക്കുറിച്ച് അന്വേഷണം നടത്താൻ നിങ്ങളം തയ്യാറുണ്ടോ ? അതിൽ മുസ്ലീം ലീഗിലെ ഏക മെമ്പർ ഒഴികെ, മറെറല്ലാവരും അഴിമതിക്കാരാണ്. ഞാൻ ആവർത്തിച്ചു പറയുന്നു, അദ്ദേഹം സത്യസന്ധനാണെന്ന്.

ശ്രീ. ഒ. ഭരതൻ : അഴിമതി നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞല്ലോ. അത് ഉറുപ്പിക നയാപൈസയുടെ അടിസ്ഥാനത്തിൽ മാത്രമല്ല പല രൂപത്തിലും ഭാവത്തിലും അഴിമതി നടത്തുന്നുണ്ട് എന്നുള്ളത് ശ്രീ. രാജന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : സർ, അത് അങ്ങാടിപ്പാട്ടായ കാര്യമല്ലേ ?

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട ശങ്കരനാരായണ പിള്ള ഇവിടെ പറഞ്ഞു അഴിമതി ആഗോള വ്യാപകമാണെന്ന്. കമ്മ്യൂണിസ്റ് രാഷ്ട്രങ്ങളിൽ ഈ അടുത്ത കാലത്ത് ചൈനയിലും റഷ്യയിലും അഴിമതി നടത്തിയ ചില പാർട്ടി ഉദ്യോഗസ്ഥൻമാരെ പുറത്താക്കിയ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : ഇവിടെ ശ്രീമതി ഇന്ദിരാ ഗാന്ധി പറഞ്ഞ അതേ കാര്യം കമ്മ്യൂണിസ്റ് രാജ്യങ്ങളിൽ അങ്ങനെ ഇല്ലെന്നുള്ളത് ശ്രീ. ഹസ്സൻ ഉൾപ്പെടെയുള്ളവർക്ക് അറിയാം. അവിടെ പോയി സുലഭമായി അവർ കൊടുക്കുന്ന എല്ലാ സൽക്കാരങ്ങളും സ്വീകരിച്ചശേഷം ഇവിടെ വന്നിട്ട് ഈ തിരിഞ്ഞുനിന്ന് പറയുന്നത് നല്ലകാര്യമല്ല.

ശ്രീ. കെ. ശങ്കരനാരായണ പിള്ള : അവിടെയെല്ലാം അഴിമതി നടത്തുന്നവരെ പുറത്താക്കുകയും ഇവിടെ അഴിമതി നടത്തിയ വീരൻമാരെ മന്ത്രിമാരാക്കുകയും ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : അതിന് പ്രൊമോഷനാണ് മി. കരുണാകരൻ കൊടുക്കുന്നത്. ശ്രീ. കരുണാകരന് അത് കൊടുക്കാതെ നിവൃത്തിയില്ല ശ്രീ. കരുണാകരനെപ്പോലെ അഴിമതിക്കാരനായ ഒരു മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഈ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ ? അദ്ദേഹം ഇതല്ല ഇതിനപ്പുറം കൊടുക്കും. "നാണമില്ലാത്തവന്റെ ആസനത്തിൽ ആല് മുളച്ചാൽ എങ്ങനെയിരിക്കുമെന്ന് അങ്ങേയ്ക്ക് അറിയില്ലേ ? ഇവിടെ പലതും നടക്കുന്നുണ്ട്. നടക്കട്ടെ. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരോട് ചോദിക്കുകയാണ് നിങ്ങളുടെ പാർട്ടിയ്ക്കകത്തുള്ള ഗ്രൂപ്പുകാരെ നിലനിറുത്താൻ വേണ്ടിയല്ലേ ഇതൊക്കെ ചെയ്യുന്നത് ? ഞങ്ങളുടെയൊക്കെ നാട്ടിൽനിന്ന് പലരും ഒരു കെട്ടു കടലാസും ഫയലുമായിട്ട് വരും. വരുമ്പോൾ അവരോട് ആദ്യം ചോദിക്കുന്നത് എന്താണെന്നറിയാമോ ? ആവശ്യക്കാരന്റെ കയ്യിൽനിന്ന് എത്രരൂപ വാങ്ങിച്ചുവെന്നാണ്. അപ്പോൾ ആയിരവും രണ്ടായിരവും ഉറുപ്പിക വാങ്ങിച്ചുവെന്നു പറഞ്ഞാൽ പറയും നിങ്ങളുടെ കാര്യം നടക്കുകയില്ലെന്ന്. നിങ്ങൾ ഒരു പതിനായിരം വാങ്ങിയ്ക്കണമെന്നു പറയും. അവർ തിരിച്ചു പോകും. തിരിച്ചുപോയി പതിനായിരം വാങ്ങിയിട്ട് സർ, ഞാൻ പതിനായിരം വാങ്ങിച്ചിരിക്കുകയാണ് എന്ന് പറയും. അപ്പോൾ കാര്യം നടത്തിക്കൊടുക്കും. എന്തിനാണെന്നറിയാമോ ? എല്ലാക്കാലത്തും ഇവരുടെ ഗ്രൂപ്പിൽ അടിമയായി ആളുകളെ നിറുത്താൻ. അങ്ങനെ രാഷ്ട്രീയത്തിൽ മര്യാദക്കാരായ ചെറുപ്പക്കാരെപ്പോലും അഴിമതി വീരൻമാരാക്കി പ്രോൽസാഹിപ്പിക്കുന്ന നയമാണ് ശ്രീ. കരുണാകരനും കൂട്ടാളികളും സ്വീകരിക്കുന്നത്. ഞാൻ സൂചിപ്പിക്കുകയാണ് ആർ. ടി. ഒ. ഓഫീസിൽ നിർബാധമായി അഴിമതി നടക്കുന്നു. ഇവിടെ മോട്ടോർ അപകടങ്ങൾ ധാരാളം ഉണ്ടാകുന്നു. ആ മോട്ടോർ അപകടങ്ങൾ പരമാവധി കുറയ്ക്കണം. അതിനൊരു നിർദ്ദേശം സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിക്ക് തന്നെ സമർപ്പിക്കപ്പെട്ടതാണ്. ഇപ്പോൾ ലൈസൻസ് കൊടുക്കുന്നതെല്ലാം പൈസ വാങ്ങിയിട്ടാണ്, പലർക്കും ലൈസൻസ് കൊടുക്കുന്നത്. ടെസ്റ്റിനു പോകാതെ തന്നെ പണം കൊടുത്താൽ മതി. ആറുമാസത്തെ ട്രെയിനിംഗ് പ്രത്യേകമായി ഇക്കൂട്ടർക്ക് കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പിന്നെ നമ്മുടെ ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ വ്യക്തികൾക്ക് ബസ് അനുവദിച്ചു കൊണ്ടുള്ള ഒരു നയം നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. എന്താണ് നിങ്ങളുടെ നയമെന്ന് വ്യക്തമാക്കണം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. അതിന് പ്രധാനമായ കാരണം വളരെ ചെറിയ കാര്യങ്ങൾക്കുപോലും ഓർഡിനൻസ് വഴി തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്ന ഒരു പ്രവണത നല്ലതല്ലയെന്നതു കൊണ്ടാണ്. അപ്രതീക്ഷിതമായ സാഹചര്യങ്ങൾ ഉണ്ടാവുകയും നിയമനിർമ്മാണം നടത്തുന്നതിന് കാലതാമസവും ബുദ്ധിമുട്ട് ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ പെട്ടെന്ന് ചെയ്യേണ്ട കാര്യങ്ങൾക്ക് ഓർഡിനൻസ് ഉണ്ടാക്കാൻ നമ്മുടെ സംവിധാനത്തിൽ വ്യവസ്ഥകളുണ്ട്. അത് പിന്നീട് നിയമസഭയിൽ പാസ്സാക്കാം. ആ വ്യവസ്ഥകളെ ദുരുപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം നിസ്സാര കാര്യങ്ങൾക്കുപോലും ഓർഡിനൻസ് പാസ്സാക്കി ആ ഓർഡിനൻസ് വഴി നടപ്പിലാക്കുന്ന സംവിധാനം ജനാധിപത്യ സംവിധാനത്തോടും നിയമസഭയോടും ഉള്ള ഒരു അവഹേളനയാണെന്നുള്ളതുകൊണ്ടാണ് ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നത്. ഇതിനകത്ത് ഈ ഓർഡിനൻസിലൂടെ സ്ഥാപിക്കാൻ ശ്രമിച്ച അല്ലെങ്കിൽ മാറ്റം വരുത്താൻ ശ്രമിച്ചത്, ഈ മൂന്ന് മാസത്തിലൊരിക്കൽ കൊടുക്കുന്നത് ഒരു കൊല്ലത്തേയ്ക്ക് ഒന്നിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം. 6 മുതൽ 20 വരെ സീറ്റുകൾ മാത്രമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ വാഹനങ്ങൾക്ക് 200 ഉറുപ്പിക എന്ന ലൈസൻസ് ഫീസ് 100 ഉറുപ്പികയായി കുറയ്ക്കണമെന്നുള്ളതാണ്. അത്തരം ചെറിയ കാര്യങ്ങൾക്ക് നിയമസഭ ധാരാളമായി കൂടുന്നുണ്ട്. ഒരു ചെറിയ നിയമ ഭേദഗതി അവതരിപ്പിച്ച് പാസ്സാക്കാൻ ധാരാളം സമയം ഈ ഗവൺമെൻറിന്റെ മുന്നിലുണ്ടായിരുന്നു. അത് ചെയ്യുന്നില്ല എന്നുള്ളതുകൊണ്ട് തെറ്റായ പ്രവണതയെ ശക്തിയായി എതിർക്കണമെന്നുള്ളതുകൊണ്ട് ഈ ഓർഡിനൻസ് നിരാകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇവിടെ ഈ ട്രാഫിക് ഡിപ്പാർട്ടുമെൻറിന്റെ, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിന്റെ, പ്രവർത്തനത്തെ വാസ്തവത്തിൽ ഒരു ആശ്വാസം നൽകാനാണ് അത് ചെയ്തിരിക്കുന്നത് എന്നാണ് പറയുന്നത്. ഇവിടെ നികുതി പിരിക്കുന്ന കാര്യത്തിൽ ഗവൺമെൻറിന്റെ പ്രഖ്യാപിതമായ നികുതികൾ ഉണ്ട്. എല്ലാ ട്രാഫിക് ഓഫീസുകളിലും, ആർ. ടി. ഒ. ഓഫീസുകളിലും പ്രഖ്യാപിക്കാത്ത നികുതി പിരിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ കാര്യത്തിനും ഇതുപോലെ തന്നെ റേറ്റുകൾ നിശ്ചയിച്ചിട്ടുണ്ട്. വണ്ടിയുടെ ലൈസൻസ് ഇത്ര രൂപയെന്ന് തീരുമാനിച്ചാൽ ആ ലൈസൻസ് കൊടുക്കണമെങ്കിൽ ഈ നിശ്ചിതം അല്ലാത്ത നികുതിപോലെതന്നെ നിർബന്ധമായി ഇത്ര ഉറുപ്പിക ആർ. ടി. ഒ. ഓഫീസിൽ കൊടുത്താലേ കൊടുക്കൂ എന്ന വ്യവസ്ഥയുണ്ട്. അങ്ങനെ രണ്ടുതരം നികുതികൾ ഈ വാഹന ഉടമസ്ഥനിൽനിന്ന് നിർബന്ധപൂർവ്വമായി വസൂലാക്കുന്ന ഏർപ്പാടുണ്ട്. ഒരു ഡ്രൈവിങ്ങ് ലൈസൻസിന് പോയാൽ ഫീസുണ്ട്. ആ ഫീസ് അടച്ചാൻ മാത്രം പോര. കൃത്യമായിട്ട് ഇത്ര ഉറുപ്പിക എന്ന് ഓരോ സ്ഥലത്തും നിശ്ചയിച്ചിട്ടുണ്ട്. അത്തരം ഉറുപ്പിക നേരെ കൈവശം കൊടുത്തില്ലെങ്കിൽ ടെസ്റ്റുപോലും നടത്തുകയില്ല. അങ്ങനെ ഗവൺമെൻറ് നിശ്ചയിക്കുന്ന നികുതികൾ അടയ്ക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതുപോലതന്നെ അത് ലഘൂകരിക്കാൻ ശ്രമിക്കുന്നുവെന്ന് മന്ത്രി പറയുന്നു. അങ്ങനെ ശ്രമിക്കുന്നത് ആത്മാർത്ഥമായിട്ടാണെങ്കിൽ ഈ നിശ്ചയിക്കുന്ന നികുതികളും ലൈസൻസ് ഫീസും മാത്രം കൊടുത്താൽ ആർ. ടി. ഒ. ഓഫീസിൽനിന്ന് കിട്ടേണ്ട ലൈസൻസുകളും മറ്റ് ടെസ്റ്റുകളും പരിശോധനകളും നടത്തി കൊടുക്കാനുള്ള സംവിധാനങ്ങളെ ഉണ്ടാക്കേണ്ടേ ? അത് ഉണ്ടാക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടാത്തതുകൊണ്ടാണോ ? പെടാഞ്ഞിട്ടാണെങ്കിൽ എനിക്ക് പരാതിയില്ല. അറിവിൽപ്പെട്ടിട്ടും പലപ്പോഴും ഇത് അറിവിൽപ്പെടുത്തിയിട്ടും ആ കാര്യങ്ങൾ തുടരുന്നു എന്നുള്ളതാണ് മാത്രമല്ല അങ്ങനെ തുടരുന്നതിന് ഗവൺമെൻറിന്റെ പിൻതുണ ഉണ്ടെന്നാണ് അവിടത്തെ ഉദ്യോഗസ്ഥൻമാർ തന്നെ പറയുന്നു. ആർ. ടി. ഒ. യിലെ ഉദ്യോഗസ്ഥൻമാരോട് ചിലപ്പോൾ ചോദിച്ചാൽ അവർ പറയും ഞങ്ങൾ ഇത്തരം ചില ജില്ലകളിൽ, പ്രത്യേകിച്ച് കൂടുതൽ സ്വകാര്യ വാഹനങ്ങൾ ഉള്ള ജില്ലകളിൽ പോസ്റ്റിംഗ് വാങ്ങിച്ച് വന്നിരിക്കുന്നത് ഭീമമായ സംഖ്യ ചെലവഴിച്ചിട്ടാണെന്ന് പറയും. അവർ അങ്ങനെ ചെലവഴിച്ച ഭീമമായ സംഖ്യ അവിടെ ചെല്ലുന്ന വാഹന ഉടമസ്ഥൻമാരിൽ നിന്നും മറ്റ് ആളുകളിൽനിന്നും വസൂലാക്കുകയല്ലാതെ എന്ത് മാർഗ്ഗമാണെന്നാണ് അവർ ചോദിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ അവർ എന്തെങ്കിലും സംഖ്യ കൊടുത്തോ ഇല്ലയോ എന്ന് നമുക്ക് അറിയില്ല. കൊടുക്കുന്നു എന്ന് ആളുകൾ പറയുന്നു. അങ്ങനെ കൊടുക്കുന്നതിന്റെ പത്തും നൂറും ഇരട്ടി പൊതുജനങ്ങളെ പിഴിഞ്ഞെടുക്കുന്നു. ഈ സംസ്ഥാനത്ത് ഇതുപോലെ കൊള്ള നടക്കുന്ന ഒരു ഡിപ്പാർട്ടുമെൻറ് നമ്മുടെ രാജ്യത്ത് ഇല്ലെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ടല്ലെങ്കിൽ അത് മനസ്സിലാക്കണം എന്നും അത് തടയാൻ നടപടി എടുക്കണമെന്നും, ആണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ആർ. ടി. എ. ബോർഡുകളെപ്പറ്റി പറഞ്ഞു. ആർ. ടി. എ. ബോർഡുകളും ഇതിനേക്കാളും മോശമാണ്. ജനപ്രതിനിധികളാണെന്നു പറഞ്ഞു നമ്മുടെ രാഷ്ട്രീയ പ്രതിനിധികളെ ഒക്കെ അവിടെയെയ്ക്കുമ്പോഴും അതിനു നിയോഗിക്കുന്ന ആളുകളെ അതാതു രാഷ്ട്രീയ പാർട്ടിക്കാർ നിയോഗിക്കുമ്പോഴും അവർ ഒരു ഔചിത്യം കാണിച്ചിരിന്നെങ്കിൽ വളരെ ഭേദമായിരുന്നു. ഇപ്പോഴും അവിടെ സംഘമായിട്ടു ചെന്നാണ് പണം പിരിച്ചെടുക്കുന്നത്. ഒരു റൂട്ട് കൊടുക്കണമെങ്കിൽ ഇത്ര ഉറുപ്പിക എന്നു നിശ്ചയിച്ചിട്ടുണ്ട്. എനിക്ക് നേരിട്ടറിയാവുന്ന പല കേസ്സുകളും ഉണ്ട് സർ. ആറായിരം, ഏഴായിരം രൂപവച്ച് കൃത്യമായി വാങ്ങുകയും അത് ആർ. ടി. ഒ. മെമ്പർമാർ പങ്കിട്ടെടുക്കുകയും ചെയ്യുന്നു. ഒരു ഏജൻറ് അതു വാങ്ങി എല്ലാവരുംകൂടി അതു പങ്കിട്ടെടുക്കുകയുമാണ് ചെയ്യുന്നത്. ഇത് നിയന്ത്രിക്കുവാനുള്ള സമിതിപോലും അഴിമതിക്കാരുടെ സമിതിയായി അധഃപതിച്ചിരിക്കുകയാണ്. പാർട്ടിയിൽനിന്നുള്ള ആളുകൾക്കുപോലും അതിൻമേൽ ഒരു നിയന്ത്രണം അവരുടെ പേരിലുണ്ടെന്നു തോന്നുന്നില്ല. ഇതൊന്നും പാർട്ടിക്ക് കൊടുക്കുന്നുവെന്നു തോന്നുന്നില്ല. സ്വന്തമായി കാശുണ്ടാക്കാനാണ് ഒരു വകുപ്പ് ഉണ്ടാക്കിയും. ഒരു ആർ. ടി. ഒ.യെ ഉണ്ടാക്കിയും എന്തിനു കൊടുക്കണമെന്ന് ഞാൻ ചോദിക്കുകയാണ്. ഇതിനെപ്പറ്റി ഈ ഗവൺമെൻറ് അന്വേഷിക്കാൻ തയ്യാറുണ്ടോ? ഇവിടെ നികുതി പിരിക്കുന്ന കാര്യത്തിൽ സർക്കാർ ഒരുപിടി പുതിയ മാർഗ്ഗം കണ്ടുപിടിച്ചു. ലൈസൻസ് ഫീസും മറ്റു പല ഏർപ്പാടുകളും ഉണ്ട്. എന്നാൽ വാഹനങ്ങൾ വഴിയിൽകൂടി പോകുമ്പോൾ ട്രാഫിക് നിയമങ്ങളുടെ പേരിൽ വണ്ടി പരിശോധിക്കുന്ന ഒരു ഏർപ്പാടുണ്ട്. ലൈസൻസ് ഉണ്ടോയെന്നു പരിശോധിക്കാനും മറ്റു പൊതു കേസ്സുകൾ ഉണ്ടോയെന്നു പരിശോധിക്കാനും ആർ. സി. ബുക്ക് ഉണ്ടോയെന്നു പരിശോധിക്കാനും വേണ്ടി കാണുന്നിടത്തെല്ലാം വണ്ടി തടഞ്ഞുനിർത്തി പരിശോധിച്ച് പിഴ ഈടാക്കാൻ വേണ്ടി പോലീസ് ഉദ്യോഗസ്ഥൻമാർക്ക് അധികാരം കൊടുത്തിരിക്കുകയാണ്. അവർ കാണുന്നിടത്തെല്ലാം വണ്ടി തടഞ്ഞുനിർത്തി എന്തെല്ലാമുണ്ടെന്നു പരിശോധിക്കുന്നു. എന്തെല്ലാമുണ്ടെങ്കിലും തടുത്തുനിർത്തിപ്പോയാൽ 50 രൂപയെങ്കിലും പിഴ കിട്ടാതെ വിട്ടുകൂടെന്ന ഒരു ചട്ടം അവർ പറയുന്നു. അങ്ങനെ നിർബന്ധമായി ഒരു കാര്യവുമില്ലാതെ ന്യായമായി എല്ലാ സ്വധാന സൗകര്യങ്ങളോടുംകൂടി പോകുന്ന വണ്ടികളെവരെ തടഞ്ഞുനിർത്തി പണം അപ്പോൾതന്നെ വാങ്ങിച്ച് രസീത് കൊടുക്കുകയാണ്. അത് എന്തു നികുതിയാണ് സർ? അങ്ങനെ ഒരു നികുതി ഈ രാജ്യത്ത് ഉണ്ടോ? ഇനി ഒരു കാര്യംകൂടി പറയാം. ഇങ്ങനെയുള്ള വാഹനങ്ങൾ മാത്രം തടഞ്ഞുനിർത്തുക മാത്രമല്ല, ഒരു വലിയ സമയം തെറ്റിപ്പോയെന്ന കാരണംകൊണ്ടും പാർക്കു ചെയ്യുന്ന സ്ഥലം തെറ്റിയെന്ന കാരണം പറഞ്ഞുകൊണ്ടും സംഭവിക്കുന്ന നിസ്സാര കാര്യങ്ങൾക്കുപോലും വാഹനങ്ങൾ പോലീസ് ഉദ്യോഗസ്ഥൻമാർ കൊണ്ടുപോയിടുന്നു. അതുകൂടാതെ ഒരു പക്ഷേ ഒരു വലിയ വ്യത്യാസം ടാക്സി ചാർജിൽ തെറ്റിപ്പോയതുകൊണ്ടും ഒരാൾ വിളിച്ചപ്പോൾ പോയില്ലെന്നുള്ള കാരണംകൊണ്ടും ടാക്സികളും അതുപോലുള്ള വാഹനങ്ങളും പോലീസ് ഉദ്യോഗസ്ഥൻമാർ പിടിച്ചുകൊണ്ടു പോയി ഇടുന്നു. അതുകൊണ്ടു പണിയെടുത്തു ജീവിക്കുന്ന ടാക്സി ജീവനക്കാരുടെ വാഹനങ്ങൾ ഒന്നുരണ്ടു ദിവസം തമാശയായിട്ട് പോലീസ് ഉദ്യോഗസ്ഥൻമാർ പിടിച്ചു കൊണ്ടുപോയിട്ടാൽ അവർ എങ്ങനെ ജീവിക്കും. അവരുടെ ജീവിതം വഴിമുട്ടുന്ന ഒരു ഏർപ്പാടാണിത്. ഞാൻ പറയുന്നത് ഈ രംഗം ഒരു നാഥനില്ലാകളരിപോലെയാണ് എന്നാണ്. ആർക്കും എന്തും ചെയ്യാവുന്ന സ്ഥിതിയാണ്. വാഹന ഉടമസ്ഥൻമാരേയും അവിടെ പണിയെടുക്കുന്ന തൊഴിലാളികളേയും ഇങ്ങനെ ചൂഷണം ചെയ്താലും എത്ര പണം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താലും യാതൊരു കുഴപ്പവുമില്ല. നമ്മുടെ ബസ് ഉടമസ്ഥൻമാർ ട്രാഫിക് ഉദ്യോഗസ്ഥൻമാർക്ക് കൃത്യമായി പണം കൊടുക്കുന്നു. അതിന് റേറ്റ് നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ കൊള്ളയ്ക്ക് റേറ്റ് നിശ്ചയിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയില്ലേയെന്ന് ഞാൻ ചോദിക്കുകയാണ് ? മന്ത്രിക്ക് ഇതിനകത്ത് കൈയുണ്ടോ ഇല്ലയോ എന്നുള്ള കാര്യം അദ്ദേഹംതന്നെ പറയേണ്ടതാണ്. മന്ത്രിയുടെ പേരും ഇതിനകത്ത് ഉപയോഗിക്കുന്നു എന്ന കാര്യം നേരത്തേ ശ്രീമാൻ വി. കെ. രാജൻ പറഞ്ഞു. അദ്ദേഹം അങ്ങനെ ആകാതിരിക്കട്ടേയെന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്. ഒരു കുത്തഴിഞ്ഞ, മനുഷ്യനെ കൊള്ളയടിക്കുന്ന ഡിപ്പാർട്ടുമെൻറിനെ നേരെയാക്കാൻ കഴിയുമെങ്കിൽ ചെയ്യണം. അല്ലെങ്കിൽ ജോലി അവസാനിപ്പിക്കണമെന്നാണ് എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. പി. കെ. വേലായുധനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അതുകൊണ്ട് ഇത്തരം ഒരു അനാവശ്യമായ ഓർഡിനൻസിനെ നിരാകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. സി. കബീർ : സർ, 1986-ലെ മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ മന്ത്രിയുടെ സദുദ്ദേശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ സർ, അങ്ങേക്ക് അറിയാമല്ലോ ടാക്സ് അടക്കുന്നതിന് ഇന്നു വാഹന ഉടമകളും പെടുന്നപാട്. ഏതെങ്കിലും ഒരു ബാങ്കിൽനിന്ന് ഒരു ട്രാഫ്റ്റ് എടുത്ത് ആർ. ടി. ഒ, ഓഫീസിൽ കൊണ്ടുപോയി അവിടെനിന്ന് കൺകറൻസ് വാങ്ങി വീണ്ടും ബാങ്കിൽ ചെന്ന് പണമടയ്ക്കുന്ന സമ്പ്രദായമാണുള്ളത്. എന്നിട്ട് ഈ പണം ഗവൺമെൻറ് അക്കൗണ്ടിൽ സ്റ്റേറ്റ് ബാങ്കിലോ മറ്റോ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ കണക്കിലേക്കോ വരണമെങ്കിൽ ഒരു മാസത്തെ കാലതാമസം വരുന്നുണ്ട്. അതുകൊണ്ട് ഒരു മാസം ആ പണമിട്ട് തട്ടുതട്ടാൻ മറ്റു ബാങ്കുകാർക്ക് സൗകര്യം കിട്ടുന്നു. അതിന് ഒരു നിർദ്ദേശം എനിക്കു വയ്ക്കാനുള്ളത് മറ്റു സംസ്ഥാനങ്ങളിലുള്ളതുപോലെ അഞ്ചു കൊല്ലത്തേക്ക് ടാക്സ് ബാങ്കിലൂടെ ഒരുമിച്ചടയ്ക്കാനുള്ള ഒരു സംവിധാനം ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിനു നൽകുന്നത് നല്ലതാണെന്നാണ് എനിക്കു തോന്നുന്നത്. അതുപോലെതന്നെ മുൻകാലങ്ങളിൽ ബാങ്ക് വഴി ഡ്രാഫ്റ്റ് എടുക്കുമ്പോൾ രണ്ടു ശതമാനം അടച്ചാൽ മതി. എന്നാൽ ഇപ്പോൾ റിസർവ് ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് 10 ശതമാനം വരെ മോട്ടോർ വെഹിക്കിൾസിന്റെ ഉടമസ്ഥൻമാർക്ക് കമ്മിഷൻ കൊടുക്കേണ്ടിവരുന്നു. അതുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടുമുള്ള ബാങ്കിലൂടെയുള്ള ഓട്ടം അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഒരു നിർദ്ദേശമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ പ്രസംഗിച്ചപ്പോൾ പറഞ്ഞു, മോട്ടോർ വാഹനങ്ങൾ പരിശോധിക്കാൻ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് അധികാരമുണ്ടെന്നുള്ള കാര്യം. സമീപകാലത്ത് എനിക്കുണ്ടായ ഒരു അനുഭവം ഞാൻ പറയാം. രാത്രി പാലക്കാടു നിന്ന് വടക്കാഞ്ചേരിക്കു പോകാൻ ബസ്സ് കിട്ടുകയില്ല. ലോറി കിട്ടിയാൽ 5 രൂപ കൊടുത്താൽ മതി നാട്ടിലേക്കു പോകാം. അങ്ങനെ എം. എൽ. എ. ആയിരുന്ന ഞാൻ ലോറിയിൽകയറി നാഷണൽ ഹൈവേയിലൂടെ ആർക്കര പാലത്തിനടുത്തെത്തിയപ്പോൾ രണ്ടുമൂന്നു പോലീസുകാർ വണ്ടി തടഞ്ഞു. അവസാനം ലോറി ഡ്രൈവർ എന്റെ കൈയിൽ നിന്നും 5 രൂപ വാങ്ങി പോലീസിനുകൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുംകൂടി അറിയേണ്ട ഒരു കാര്യമാണ് ഞാൻ പറയുന്നത്. അങ്ങനെ ലോറി

LIBRARY ARCHIVES Kerala Legislative Assembly

അവിടെനിന്നു കുറേ ദൂരം പിന്നിട്ട് പൊഴമംഗലത്ത് എത്തിയപ്പോഴും വീണ്ടും പോലീസ് വണ്ടി തടഞ്ഞു. എനിക്ക് അഞ്ചു രൂപയേ ചാർജ് കൊടുക്കാൻ അധികാരമുള്ളു. ചെറിയ ദൂരമായതുകൊണ്ട് ലോറിയിലൊക്കെ രാത്രി യാത്ര ചെയ്യുമ്പോഴും അഞ്ചു രൂപ കൊടുത്താൽ മതി. ലോറി ഡ്രൈവർ മറ്റൊരു യാത്രക്കാരനിൽ നിന്നും അഞ്ചു രൂപ വാങ്ങി പൊഴമംഗലം പോലീസുകാർക്കും കൊടുത്തു. അവിടെനിന്നു കുറേ ദൂരം പിന്നിട്ട് ലോറി ആലത്തൂർ പോലീസ് സ്റ്റേഷന്റെ ലിമിറ്റിലെത്തിയപ്പോഴും അവിടെയും പോലീസുകാർ വണ്ടി തടഞ്ഞു. അവർക്കും അഞ്ചു രൂപ കൊടുത്തു. ഞാൻ ഇതൊക്കെ കണ്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെ മൂന്നു പോലീസ് സ്റ്റേഷൻ ലിമിറ്റിൽക്കൂടി ലോറി കടന്നുപോയി പാലക്കാട്ടുനിന്ന് വടക്കാഞ്ചേരിയിലെത്തിയപ്പോഴും ഓരോ സ്ഥലത്തും അഞ്ചുരൂപവച്ച് മൊത്തം പതിനഞ്ചു രൂപ കൊടുത്തപ്പോഴും വണ്ടി വിടുകയും ചെയ്തു. പോലീസ് ഉദ്യോഗസ്ഥൻമാർ വണ്ടി ചെക്ക് ചെയ്യേണ്ട എന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. എം. എൽ. എ. ആയ എന്റെ സ്വന്തം അനുഭവം ഇവിടെ പറയാതിരിക്കാൻ നിർവ്വാഹമില്ലല്ലോ? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറും ഇക്കാര്യം ശ്രദ്ധിക്കുന്നത് നല്ലതാണ്.

നമ്മുടെ ആർ. ടി. ഒ. ഓഫീസുകളെ സംബന്ധിച്ച് പറയാം. അവിടെ ടാക്സ് അടയ്ക്കാൻ ധാരാളം ആളുകൾ വരുന്നുണ്ട്. പക്ഷേ അവിടെയാതൊരു പ്രാഥമിക സൗകര്യങ്ങളുമില്ല സർ. കാശുമാത്രം ഇവിടെ കൊണ്ടു വരണമെന്നു പറഞ്ഞാൽ മതിയോ? അതിനുള്ള പ്രാഥമിക സൗകര്യങ്ങൾകൂടി ചെയ്തു കൊടുക്കണ്ടേ? എല്ലാം സ്വാഹാ എന്നുപറഞ്ഞാൽ പറ്റില്ലല്ലോ? അവിടെ ഒരു ബഞ്ചില്ല, മൂത്രമൊഴിക്കാൻ സൗകര്യമില്ല, മറ്റു പല സൗകര്യങ്ങളുമില്ല.—അതുകൊണ്ട് ആർ. ടി. ഒ. ഓഫീസുകളിൽ വരുന്ന ആളുകൾക്ക് ഒന്നിരുന്നു വിശ്രമിക്കാനുള്ള സൗകര്യമെങ്കിലും ചെയ്തു കൊടുക്കണം.

സർ, ആർ. ടി. ഒ. ഓഫീസുകളിലെ എജൻറുമാരെക്കുറിച്ചു പറയാം, നാണംകെട്ട ഒരു ഏർപ്പാടാണു അവിടെ നടക്കുന്നത്. ശ്രീ. എൻ. സുന്ദരൻ നാടാർ ചില പരിപാടികളൊക്കെ പറഞ്ഞു. അവരെ തകർക്കുമെന്നു പറഞ്ഞു. പക്ഷേ ശ്രീ. എൻ. സുന്ദരൻ നാടാർ പോയ വഴി കാണാനില്ല സർ, പി. കെ. വേലായുധൻ മന്ത്രി ഇപ്പോഴും എന്താണ്ടൊക്കെ ശ്രമിക്കുന്നുണ്ട്. അദ്ദേഹത്തിനേറെയും വഴി ശ്രീ. എൻ. സുന്ദരൻ നാടാരുടെ വഴിതന്നെയായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ഇത് കഴുകി വൃത്തിയാക്കി ഒന്നു ശുദ്ധീകരിക്കാൻ കഴിയുമെങ്കിൽ ഒന്നുകാണട്ടെയെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ലോറിയിലെ യാത്രാവിവരണത്തിന്റെ അനുഭവം അങ്ങ് വിവരിച്ചു. ജർമ്മനിയിൽ പോയ വിവരംകൂടി ഒന്നു പറഞ്ഞുകൂടേ?

ശ്രീ. വി. സി. കബീർ: ബഹുമാനപ്പെട്ട കുറപ്പു ചേട്ടാ, അത് എനിക്ക് പറയാൻ ഒരുപാടു കൊതിയുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അത് അനുവദിക്കുമെങ്കിൽ മുഴുവനും പറയാം.

ശ്രീ. റ്റി. എസ്. ജോൺ: വൈസ്റ്റ് ജർമ്മനിയിലും ഈസ്റ്റ് ജർമ്മനിയിലും പോയല്ലോ. ആ രണ്ടിടത്തേയും കാര്യം ഒന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : വെസ്റ്റ് ജർമ്മനിയിലേയും ഈസ്റ്റ് ജർമ്മനിയിലേയും കഥകളും അനുഭവങ്ങളും പറയാൻ എനിക്ക് ആഗ്രഹമുണ്ട് സർ. ഒരു യാത്രാവിവരണമെഴുതാൻ സ്വന്തം പത്രക്കാരൊന്നുമില്ലാത്തതു കൊണ്ട് ഞാൻ എഴുതാതിരിക്കുകയാണ്. അതുകൊണ്ട് ഞാനതിനു മെനക്കെടുന്നില്ല. എന്തായാലും എനിക്ക് അതു പറയണമെന്ന് ആഗ്രഹമുണ്ട്. നല്ല ചിട്ടയായ രീതിയിലുള്ള ബസ്സ് സൗകര്യങ്ങളാണ് അവിടെയുള്ളത്. ബസ്സിൽ ഒരു ഡ്രൈവർ മാത്രമേയുള്ളു. ടിക്കറ്റ് നേരിട്ടുപോയി എടുത്ത് വണ്ടിയിൽ കയറി പഞ്ച് ചെയ്തു യാത്രചെയ്തു ഇഷ്ടമുള്ള സ്ഥലത്ത് ഇറങ്ങാം. ട്രാൻസ്പോർട്ട് ബസ്സിൽ ധാരാളമാളുകളും ഇല്ല. ശ്രീ. റ്റി. എസ്. ജോൺ യൂണിയന്റെ നേതാവാണല്ലോ. അദ്ദേഹത്തെ ഞങ്ങളും അവിടെവച്ച് കളിയാക്കി. അവിടെ ഓരോ ബസ്സിന്റെയും ഭരണച്ചെലവ് കുറവാണ്. ബസ്സുകളും ശ്രദ്ധിക്കുന്ന കാര്യത്തിലും അവർ മുൻപന്തിയിലാണ്. എന്നാൽ എന്റെ നാട്ടിൽ ഒരു ബസ്സ് ഉണ്ട്. 28 കൊല്ലമായിട്ട് അതേ ബസ്സുതന്നെയാണ് അവിടെ ഓടുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : മലയാള സമ്മേളനത്തിനു പോയ കഥ ഒന്നു പറയാമോ ?

ശ്രീ. വി. സി. കബീർ : എനിക്ക് അതു പറയാൻ ആഗ്രഹമുണ്ട്. പക്ഷേ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. എന്റെ ലൈനിലുള്ള ബസ്സിന് 28 വർഷത്തെ പഴക്കമുണ്ട്. എന്റെ കുട്ടിക്കാലത്ത് ഞാൻ ആദ്യമായി കയറിയ ആ ബസ്സ് തന്നെയാണ് ഇപ്പോഴും ഓടുന്നത് ടിപ്പു സുൽത്താന്റെ ശക്തിപോലെ കടകടായെന്ന് ഇപ്പോഴും എന്റെ നാട്ടിൽകൂടി ആ വണ്ടി ഓടുകയാണ്. അത് ഞങ്ങളും അത് മുതലാളിയോടുകൂടി നോക്കിനില്ക്കും. ഇതൊക്കെയാണു പരിശോധിച്ച് തല്ലിപ്പൊളി ബസ്സുകളൊക്കെ ഒന്നുമാറാൻ നിർദ്ദേശം കൊടുത്തുകൂടേ ? അതുപോലെതന്നെ ബസ്സുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സുകളും മാത്രമേയുള്ളു. അതിനകത്ത് റെഡ്ക്രോസിന്റെ അടയാളവുമുണ്ട്. വേറെ അതിനകത്ത് ഒരുമരുന്നുമില്ല. മാത്രമല്ല, അതിനകത്ത് നോക്കുമ്പോൾ , അല്ലെങ്കിൽ വല്ല ചീട്ടുകെട്ടോ മാത്രമാണു കാണുന്നത്. ഇത് പരിശോധിക്കണം. കർശനമായി അതിനുള്ള സംവിധാനം ചെയ്യണം. സർ, ഒരു നിർദ്ദേശംകൂടിയുണ്ട്. നമ്മുടെ ബസ്സുകളിൽ .....

ശ്രീ. കെ. ശങ്കരനാരായണപിള്ള : മോട്ടോർ വെഹിക്കിൾസ് ടാക്സ് വാങ്ങിക്കുമ്പോൾ ആ ടാക്സിനു പകരമായി ഗവൺമെന്റ് ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. വണ്ടികൾക്ക് സഞ്ചരിക്കാനുള്ള റോഡും വണ്ടികൾക്കു പാർക്കു ചെയ്യാനുള്ള സൗകര്യവും ചെയ്തുകൊടുക്കാനുള്ള ബാദ്ധ്യത വച്ചിട്ടാണ് ടാക്സ് പിരിക്കുന്നത്. പിരിപ്പില്ലാതെ ഈ കാര്യങ്ങൾ ഒന്നു നടക്കുന്നില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. വി. സി. കബീർ : അത് നൂറു ശതമാനവും ശരിയാണു സർ. പഞ്ചായത്തും ട്രാൻസ്പോർട്ടും പൊതുമരാമത്തു വകുപ്പുമെല്ലാം തന്നെ അതിന് ഉത്തരവാദികളാണ്. അതുകൊണ്ട് അതിലേക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ ബസ്സുകളിൽ യാത്രചെയ്യുന്ന ഗർഭിണികൾക്ക് ഇരിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കണം ഇപ്പോൾ വികലാംഗർക്കു മാത്രമേ ഈ സൗകര്യം ചെയ്തു കൊടുത്തിട്ടുള്ളു. ആ വികലാംഗർ എന്ന് പല ബസ്സുകളിലും എഴുതി വച്ചിരിക്കുന്നതുതന്നെ അക്ഷരത്തെറ്റോടുകൂടിയാണ്. അതു കണ്ടാൽതന്നെ നാണക്കേടാണ്. അതുകൊണ്ട് ഗർഭിണികൾക്കും സ്ത്രീ

LIBRARY ARCHIVES Kerala Legislative Assembly

കുക്കും പ്രത്യേകിച്ച് വയസ്സായ അമ്മമാർക്കും ബസ്സിൽ ഇരുന്നു സഞ്ചരിക്കാനുള്ള ഒരു സൗകര്യം കിട്ടാൻവേണ്ടി എഴുതിവയ്ക്കണം.

ശ്രീ. കോട്ടക്കുഴി സുകുമാരൻ : ബസ് ടാക്സ് കൊടുക്കുന്നതിനു പുറമേ പോലീസ് സ്റ്റേഷൻ അതിർത്തികടം കടന്നിട്ടു വേണം ബസ്സിനു കടന്നുപോകാൻ. അങ്ങനെ കടന്നുപോകുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു നിശ്ചിത സംഖ്യ എല്ലാ ബസ്സ് ഉടമകളും കൊടുക്കേണ്ട ഒരു സാഹചര്യമുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. വി. സി. കബീർ : അത് ശരിയാണ്. അതുമാത്രമല്ല പോലീസ് സ്റ്റേഷനിൽ പണംകൊടുക്കണം, പോലീസ് ജീപ്പിന് ടയർ വാങ്ങിച്ചു കൊടുക്കണം, പെട്രോൾ വാങ്ങിച്ചു കൊടുക്കണം. ഇവയൊക്കെ ബസ്സുടമകളുടെ കടമകളാണ്.

ശ്രീ. റെ. എസ്. ജോൺ : ഗർഭിണികൾക്കും സ്ത്രീകൾക്കും പ്രത്യേക ആനുകൂല്യം ബസ്സിൽ ചെയ്തുകൊടുക്കണമെന്ന് പറഞ്ഞു ജർമ്മനിയിൽ പോയപ്പോൾ അങ്ങനെ വല്ലതുമുണ്ടായിരുന്നോ അവിടെ ?

ശ്രീ. വി. സി. കബീർ : ജർമ്മനിയിൽ അങ്ങനെ ഉണ്ട്.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ജർമ്മനിയിലെ ബസ് യാത്രയെക്കുറിച്ച് പറഞ്ഞപ്പോൾ ശ്രീ. റെ. എസ്. ജോണിന്റെ മുഖത്ത് ഒരു പുഞ്ചിരി വന്നിരിക്കുന്നതിനു കാരണമെന്താണ് ?

ശ്രീ. വി. സി. കബീർ : ഞാനും റെ. എസ്. ജോണും ബോബനും മോളിയും പോലെ നടക്കുന്നതുകൊണ്ടാണ് അത്. അതുകൊണ്ട് ഗർഭിണികൾക്കും വയസ്സായ സ്ത്രീകൾക്കും ബസിന്റെ മുൻസീറ്റിലിരുന്നു സഞ്ചരിക്കാനുള്ള പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തണം. ഞാൻ കൂടുതലൊന്നും സമയമില്ലാത്തതുകൊണ്ട് സംസാരിക്കുന്നില്ല.

Shri. V. J. Thankappan : Sir, I move that the Kerala Motor Vechicles Taxation (Amendment) Bill, 1986 be circulated for eliciting public opinion till 30-12-1986.

ഈ ബില്ലിലെ statement of objects and Reasons-ൽ 3 മാസത്തിലൊരിക്കൽ ടാക്സ് അടയ്ക്കേണ്ടതിനെ വർഷത്തിലൊരിക്കലാക്കിയത് എന്തുകൊണ്ടെന്നു പറഞ്ഞിട്ടുണ്ട്. കാരണം ടാക്സ് അടയ്ക്കുന്ന വാഹന ഉടമസ്ഥരുടെ സൗകര്യം പരിഗണിച്ചും, ഉദ്യോഗസ്ഥൻമാരുടെ സൗകര്യം പരിഗണിച്ചുമാണ് ഈ 3 മാസമെന്നുള്ളത് മാറ്റി ഒരു വർഷമാക്കിയത് എന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. പക്ഷേ 20 സീറ്റുള്ള ഒരു വാഹനത്തിന് 200 രൂപ ടാക്സ് ആയിരുന്നത് 100 രൂപ ആക്കിയതെന്താണ്, അതിന്റെ കാരണം പ്രത്യേകമെടുത്തു പറഞ്ഞിട്ടില്ല. അങ്ങനെ പെട്ടെന്ന് 200 രൂപ ടാക്സ് ആയിരുന്നത് 100 രൂപയാക്കി മാറ്റാൻ ഈ ഗവൺമെന്റിനുണ്ടായ ഹേതോവികാരമെന്താണ്. ഏതെങ്കിലും റിപ്രസെന്റേഷൻ വാഹന ഉടമകൾ തന്നിട്ടുണ്ടോ ? അതല്ലാതെ ഇതിനെ സംബന്ധിച്ച് ഏതെങ്കിലും കമ്മറ്റിയെ നിയമിച്ച് ടാക്സ് കൂടിപ്പോയിയെന്ന നിഗമനത്തിലെത്തിയിട്ട് ടാക്സ് കുറച്ചതാണോ? അതിനെക്കുറിച്ചൊന്നും വ്യക്തമായിട്ട് ഇതിൻകത്ത് പറഞ്ഞിട്ടില്ല. അതുകൊണ്ട് ഗവൺമെന്റിന് എന്തെങ്കിലും പ്രത്യേകിച്ച് നേട്ടമുണ്ടോ ? അതല്ല ടാക്സ് കുറച്ചതുകൊണ്ട് നഷ്ടം വരുമെങ്കിൽ എത്രത്തോളം നഷ്ടം വരും. ഈവക കാര്യങ്ങളൊന്നും സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്സ് ആൻഡ്

LIBRARY ARCHIVES Kerala Legislative Assembly

റീസൺസിൽ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ എന്തുകൊണ്ടാണ് ടാക്സ് കുറക്കാനുള്ള സാഹചര്യമുണ്ടായതെന്ന് പറഞ്ഞാൽ കൊള്ളാം. ഇവിടെ ടാക്സ് കുറച്ചതുകൊണ്ടോന്നോയെന്നറിയില്ല നമ്മുടെ സംസ്ഥാനത്ത് ധാരാളം ട്രക്കർ സർവ്വീസ് ഇപ്പോഴും നടക്കുന്നുണ്ട്. കെ. എസ്. ആർ. ടി. സി. ക്ക് സമാന്തരമായി ഞങ്ങളുടെ തെക്കൻ മേഖലകളിൽ ട്രക്കർ സർവ്വീസുണ്ട്. നാഷണൽ ഹൈവേയിൽപോലും ട്രക്കർ സർവ്വീസുണ്ട്. ഒന്നുകിൽ ട്രാൻസ്പോർട്ട് സർവ്വീസിനു മുമ്പേ പോകും അല്ലെങ്കിൽ തൊട്ടു പിറകെ പോകും. ആ ട്രക്കറുകളിൽ ഇരുപതും ഇരുപത്തിയഞ്ചും, മുപ്പതും ആളുകളും വീതം സഞ്ചരിക്കുന്നു. അവരിൽ നിന്ന് ടാക്സ് ഈടാക്കുന്നത് 9 ആളുകൾക്കാണെന്നാണ് എന്റെ വിശ്വാസം. പക്ഷേ ഇരുപത്തിയഞ്ചും മുപ്പതും ആളുകൾ സഞ്ചരിക്കുന്നുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ട്രക്കർ സർവ്വീസുകളെ നിയന്ത്രിക്കാൻവേണ്ടി പോലീസ് പല സ്ഥലത്തും നിൽക്കുന്നുണ്ട്. ഈ അവസരമുപയോഗിച്ചുകൊണ്ട് ട്രക്കർ ഓടിക്കുന്ന ഡ്രൈവർമാരെയും അതിന്റെ ഉടമസ്ഥൻമാരെയും ബുദ്ധിമുട്ടിച്ച്. ആർ. ഡി. ഒ. മാരും വെഹിക്കിൾ ഇൻസ്പെക്ടർമാരും പോലീസുകാരുമൊക്കെ ഇഷ്ടംപോലെ പണം സമ്പാദിക്കുന്നുണ്ട്. ഈയടുത്തകാലത്ത് ഒരു ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചതായി അറിയാൻ കഴിഞ്ഞു. ആ ഉത്തരവിൻപ്രകാരം മോട്ടോർവെഹിക്കിൾ സംബന്ധിച്ചുള്ള പെറ്റി കേസുകളെല്ലാം നമ്മുടെ തിരുവനന്തപുരം സിറ്റിയിലെ ഡി. വൈ. എസ് പി—യോ അതേ റാങ്കിലുള്ള ഉദ്യോഗസ്ഥനോ കമ്പൗണ്ട് ചെയ്യാം. സാധാരണ ഗതിയിൽ ട്രാഫിക് ഒഫൻസോ മോട്ടോർ വെഹിക്കിൾസിന്റെ പെറ്റി ഒഫൻസോ വന്നാൽ അത് മുഴുവൻ കോടതിയിൽ കൊണ്ടു പോകുകയും കോടതി ശിക്ഷിക്കുകയും ചെയ്യും. അല്ലെങ്കിൽ വിസ്തരിച്ചിട്ട് വെറുതെ വിടും. ഇപ്പോൾ ഈ ഗവൺമെന്റിന്റെ പുതിയ പരിഷ്ക്കാരം നിമിത്തം ഡി. വൈ. എസ്. പി. റാങ്കിലോ എസ്. പി. റാങ്കിലോ ഉള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക് മോട്ടോർ ഒഫൻസ് മുഴുവനും കമ്പൗണ്ട് ചെയ്ത് തീർപ്പ് കല്പിക്കാനുള്ള അവകാശം കൊടുത്തിരിക്കുന്നു എന്നാണ് ഞാൻ മനസിലാക്കുന്നത്. ഇതിനു നിയമത്തിന്റെ പ്രാബല്യമുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ അറിവ് നിയമത്തിന്റെ പ്രാബല്യം അക്കാര്യത്തിലില്ല എന്നാണ്. പിന്നെ എങ്ങനെയാണ് ആഭ്യന്തര വകുപ്പും മോട്ടോർ വെഹിക്കിൾസിന്റെ മന്ത്രിയുമെല്ലാം കൂടിച്ചേർന്നുകൊണ്ട് പോലീസ് വകുപ്പിന് മോട്ടോർ ഒഫൻസ് കമ്പൗണ്ട് ചെയ്യാനുള്ള അവകാശം കൊടുത്തു എന്നകാര്യം ഒന്ന് വിശദമാക്കിയാൽ തരക്കേടില്ല. സാധാരണഗതിയിൽ ചില പോലീസ് സ്റ്റേഷൻ മുഴുവൻ അഴിമതിയുടെ രംഗമാണ്. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർക്ക് കേസ് കമ്പൗണ്ട് ചെയ്യാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. അതുപോലെ എക്സൈസ് ഉദ്യോഗസ്ഥൻമാർക്കും കമ്പൗണ്ട് ചെയ്യാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. അതിനു ആക്ടിലും റൂൾസിലുമെല്ലാം അതിനുള്ള പ്രത്യേക പ്രോവിഷനുള്ളതുകൊണ്ടാണ്. പക്ഷേ ഇവിടെ മോട്ടോർ വെഹിക്കിൾസ് ആക്ടിലോ അതിന്റെ റൂൾസിലോ ഒഫൻസ് കൈകാര്യം ചെയ്യാനുള്ള അധികാരം പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടുള്ളതായി ഒരു രേഖയും കാണുന്നില്ല. അങ്ങനെ കൊടുക്കാനുള്ള അധികാരം ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുന്ന നിയമപരമായ പ്രോവിഷൻസ് ഒന്നും ഞാൻ നോക്കിയിട്ട് കണ്ടിട്ടില്ല. മന്ത്രി മറുപടി പറയുമ്പോൾ ഇക്കാര്യങ്ങൾ കൂടി, എന്തിന്റെ അടിസ്ഥാനത്തിൽ, ഏത് നിയമത്തിന്റെ പിൻബലത്തോടുകൂടിയാണ് പോലീസ് ഉദ്യോഗസ്ഥൻമാർക്ക് മോട്ടോർ ഒഫൻസ് കമ്പൗണ്ട് ചെയ്യാനുള്ള അധികാരം കൊടുത്തിട്ടുള്ളത് എന്നൊന്നു പറഞ്ഞാൽ കൊള്ളാം. ഇവിടെ ഞാൻ നേരത്തേ പറഞ്ഞു, സമാന്തര സർവ്വീസിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ട് കോർപ്പറേഷന് സമയത്ത് ബസ് ഓടിക്കാൻ കഴിയാത്തതുകൊണ്ട് ജനങ്ങളും ബസ്സ്റ്റോപ്പുകളിൽ മണിക്കൂറുകളോളം കാത്തു നിന്ന് വിഷമിക്കുമ്പോഴും അതിലേ കടന്നുപോകുന്ന ട്രക്കറിലും മറ്റു വാഹനങ്ങളിലും ചാടിക്കയറി യാത്ര ചെയ്ത് രക്ഷപ്പെടുന്നു. ട്രാൻസ്പോർട്ട് ബസ് സർവ്വീസുകളും സമയത്ത് ഓപ്പറേറ് ചെയ്താൽ, ഉള്ള ബസ്സുകളും എഴുതി വച്ചിട്ടുള്ള സമയത്തെങ്കിലും നേരെചൊവ്വേ സർവ്വീസ് നടത്താൻ കഴിഞ്ഞാൽ ട്രക്കർ സർവ്വീസിനെ നിയന്ത്രിക്കാൻ കഴിയും. പക്ഷേ ഇവിടെ മറിച്ചാണ് ചെയ്യുന്നത്. ട്രാൻസ്പോർട്ട് ബസ് സമയത്തില്ല, ട്രക്കറിൽ ആളുകളെ കയറ്റി ഓടിക്കാൻ അനുവദിക്കുന്നതുമില്ല. അങ്ങനെ ഈയടുത്ത കാലത്ത് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെയും ആർ. റ്റി. എ. യുടെയും ആഭ്യന്തരവകുപ്പിന്റെയും പരിഷ്ക്കാരം കൊണ്ട് നമ്മുടെ ജനങ്ങളാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നതും പ്രയാസപ്പെടുന്നതും.

ശ്രീ. കെ. ശങ്കരനാരായണ പിള്ള: തിരുവനന്തപുരം ജില്ലയിലോടുന്ന ബസുകളെല്ലാം ഫാസ്റ്റ് പാസഞ്ചർ സർവ്വീസാക്കിയതു കാരണം വഴിയിലിറങ്ങണമെന്ന് ആഗ്രഹിക്കുന്നവർ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഈ ട്രക്കർ സർവ്വീസുകളെ ആശ്രയിക്കേണ്ടി വരുന്നു എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ: ഞങ്ങളുടെ തെക്കൻപ്രദേശമായ തിരുവനന്തപുരം ജില്ലയിലെ ബഹുഭൂരിപക്ഷം ആളുകളും ആശ്രയിക്കുന്നത് ട്രക്കറിനെയാണ്. ഒന്നുകിൽ ട്രക്കറുകളെല്ലാം ബസ് സർവ്വീസുപോലെ ആളുകളെ കയറ്റിക്കൊണ്ടു പോകാനുള്ള അനുവാദം കൊടുക്കണം. അല്ലെങ്കിൽ സമയത്ത് ബസ് ഓടിക്കാനുള്ള മര്യാദയെങ്കിലും ഈ ഡിപ്പാർട്ടുമെൻറും ഗവൺമെൻറും കാണിക്കണം. ഇവിടെ ടാക്സ് പിരിക്കുന്നതിൽ കുറെ രൂപ റോഡ് നന്നാക്കാനാണെന്നാണ് എന്റെ വിശ്വാസം. തിരുവനന്തപുരം ജില്ലയിൽ പ്രത്യേകിച്ച് സിറ്റിയിലെ റോഡുകളെക്കുറിച്ച്, ഇന്നലെ മാതൃഭൂമി പത്രത്തിലാണെന്ന് തോന്നുന്നു പി. സുബ്ബയ്യാ പിള്ള ഒരു ലേഖനം എഴുതിയിട്ടുണ്ട്, വിനോദഭാവനപോലെ. ബഹുമാനപ്പെട്ട നമ്മുടെ ഡെപ്യൂട്ടി മുഖ്യമന്ത്രി അതൊന്ന് വായിച്ചാൽ കൊള്ളാം. തിരുവനന്തപുരം സിറ്റിയിലെ റോഡുകളൊന്നും യാത്രയ്ക്കു പറ്റിയതല്ല.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, കോർപ്പറേഷന്റെ റോഡുകളാണ്. അതിന്റെ അറകുറപ്പണികളും ചെയ്യാൻ അവരോട് പറയണം.

ശ്രീ. വി. ജെ. തങ്കപ്പൻ: എന്നാൽ പിന്നെ കോർപ്പറേഷനോട് പറയാം. കോർപ്പറേഷനെപ്പറ്റി പറയുകയാണെങ്കിൽ, കഴിഞ്ഞ രണ്ടു വർഷമായി കോർപ്പറേഷൻ ഭരിക്കുന്നത് കോൺഗ്രസാണ്. കോർപ്പറേഷൻ കൗൺസിലൊന്നും ഇപ്പോൾ നിലവിലില്ല. അപ്പോൾ കോർപ്പറേഷൻ എന്നു പറഞ്ഞാലും ഡെപ്യൂട്ടി മുഖ്യമന്ത്രിയെന്നു പറഞ്ഞാലും, കളക്ടർ എന്നു പറഞ്ഞാലുമെല്ലാം ഗവൺമെൻറ് ഒന്നു തന്നെയാണ്. അതായത് കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന, ശ്രീ. കെ. കരുണാകരൻ നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് ഗവൺമെൻറാണ്.

അതുകൊണ്ട് അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാമെന്ന് വിചാരിക്കേണ്ട. ശ്രീമാൻ പി. സുബ്ബയ്യാപിള്ള ഇന്നലെ എഴുതിയ നർമ്മഭാവന നമ്മുടെ ഉപമുഖ്യമന്ത്രിയും ഇതുമായി ബന്ധപ്പെട്ട മന്ത്രിമാരും ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചുനോക്കിയാൽ കൊള്ളാം. കേരള കൗമുദിയിലാണ് ശ്രീ. പി. സുബ്ബയ്യാപിള്ളയുടെ ലേഖനം വന്നത്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞകാല ചെയ്തികളെക്കുറിച്ചും റോഡുകളെ സംബന്ധിച്ചുമുള്ള ആക്ഷേപഹാസ്യം തുളുമ്പുന്നതാണ് ആ ലേഖനം. പക്ഷേ എത്രത്തോളം ആക്ഷേപഹാസ്യവും വിമർശനവും ഉണ്ടെങ്കിലും ഒരു കാരണവശാലും തള്ളാൻ നന്നാകുകയില്ല എന്നുള്ള വാശിയിലാണ ഈ ഗവൺമെന്റ്. ഗവൺമെന്റ് ടാക്സ് പിരിക്കുന്നത് വാഹനങ്ങൾ റോഡ് വഴി ഓടിക്കുന്നതിനു വേണ്ടിയാണ്. എന്നാൽ വാഹനങ്ങൾ റോഡിൽക്കൂടി ഓടിക്കുന്നതിനു കാര്യം പിരിക്കുന്ന ഗവൺമെന്റിനെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച്, അവർക്ക് റോഡുകൾ നന്നാക്കി, വാഹനങ്ങൾ ഓടിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി കൊടുക്കുവാനുള്ള ബാദ്ധ്യതകൂടിയുണ്ട് എന്ന കാര്യം ഞാൻ ഈ ഗവൺമെന്റിനെ ഓർമ്മിപ്പിക്കുകയാണ്. ട്രക്കർ സർവ്വീസിനെ നിയന്ത്രിക്കാൻവേണ്ടി ഈ അടുത്ത കാലത്ത് ആഭ്യന്തരവകുപ്പ് ശ്രമിക്കുന്നുണ്ട്. എന്റെ സുഹൃത്ത് ശ്രീ. കബീർ മാസ്റ്റർ പറഞ്ഞതുപോലെ തിരുവനന്തപുരത്തു നിന്നും ഒരു 20 കിലോമീറ്റർ തെക്കോട്ട് ഒരു ട്രക്കർ യാത്രചെയ്താൽ 4 പോലീസ് സ്റ്റേഷൻ അതിർത്തിയിൽക്കൂടി വേണം കടന്നു പോകാൻ. നാല് പോലീസ് സ്റ്റേഷനതിർത്തിയിലും നാല് പോലീസുദ്യോഗസ്ഥൻമാർ ചെക്ക് ചെയ്യും. അങ്ങനെ യാത്രക്കാരെയും ട്രക്കർ ഉടമസ്ഥൻമാരെയും എല്ലാം ഹരാസ് ചെയ്യുന്ന, ബുദ്ധിമുട്ടിക്കുന്ന, പ്രയാസപ്പെടുത്തുന്ന, വേദനിപ്പിക്കുന്ന സംഭവങ്ങളാണ് ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ രണ്ടാമത് പറഞ്ഞിരിക്കുന്ന 200 രൂപയെന്നുള്ളത് നൂറുരൂപയായി കുറച്ചത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല: ഒരു ഓബ്ജക്ട്. പറയുമ്പോൾ അല്ലെങ്കിൽ റീസൺ പറയുമ്പോൾ അതിനെക്കുറിച്ച് പറയണമായിരുന്നു. അല്ലെങ്കിൽ ഇന്ന് മന്ത്രി ഒന്നു പറഞ്ഞാലും മതി. അതുകൊണ്ട് ഈവക കാര്യങ്ങൾ വിശദമായി അന്വേഷിച്ച് ആളുകളുടെ അഭിപ്രായങ്ങൾ എല്ലാം ആരാഞ്ഞ് ഈ ബിൽ നിയമമാക്കുന്നതിനുവേണ്ടി ഈ ബില്ലിനെ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി അയക്കണമെന്നുള്ള ഭേദഗതിയാണ് ഞാനവതരിപ്പിക്കുന്നത്. ആ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഈ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ ഇന്ന് രാജ്യത്ത് ഒരു വിഭാഗം തൊഴിലാളികൾ-അത് ടാക്സി രംഗത്തായാലും ശരി, ലോറി രംഗത്തായിരുന്നാലും ശരി, ട്രക്കർ രംഗത്ത് പ്രവർത്തിക്കുന്നവരായിരുന്നാലും ശരി, ഈ സർവ്വീസുകൾ നടത്തുന്നവർ ഇന്നനുഭവിക്കുന്ന വേദനാജനകമായ സംഭവങ്ങൾക്ക് കയ്യും കണക്കുമില്ല. അവരാരും സമ്പന്നരോ സൗഭാഗ്യമുള്ള കുടുംബങ്ങളിൽ ജനിച്ചവരോ അല്ല. പാവപ്പെട്ട വീടുകളിൽ പട്ടിണി കിടക്കുന്ന അച്ഛനമ്മമാരുടെയും മക്കളായി ജനിച്ച് കഷ്ടപ്പെട്ട് സാമാന്യ വിദ്യാഭ്യാസം നടിയവരാണ് ഇവർ. മറ്റൊരു തൊഴിലും ലഭിക്കാതായപ്പോൾ വീടുകളിലെ പണ്ടങ്ങൾ പണയം വച്ച് വണ്ടി ഓടിക്കാൻ പഠിച്ചു ലൈസൻസ് നേടിയവരാണ് ഇക്കൂട്ടർ. പലരും സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയനുസരിച്ച് ഭീമമായ ലോണുകൾ എടുത്ത് വാഹനങ്ങൾ വാങ്ങിയവരാണ്. ജീവിക്കണമെന്നുള്ള അതിമോഹം കൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന സാധുക്കളായ ആളുകളുടെ നേരെ നമ്മുടെ ട്രാൻസ്പോർട്ട് വകുപ്പ് ഉദ്യോഗസ്ഥൻമാരും അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിൽപ്പെട്ട പോലീസുദ്യോഗസ്ഥൻമാരും കൂടി കാണിക്കുന്ന അഴിഞ്ഞാട്ടങ്ങൾ, ക്രൂരമായ പെരുമാറ്റങ്ങൾ, വേദനാജനകമായ സംഭവങ്ങൾ ഓരോ ദിവസം കഴിയുമ്പോഴും ഞെട്ടിപ്പിക്കുന്നതായി മാറിക്കൊണ്ടിരിക്കുകയാണ്. ഞാനൊരു ചെറിയ ഉദാഹരണം പറയാനാഗ്രഹിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. തിരുവനന്തപുരത്തുനിന്നും കളിയിക്കാവിളവരെ പോകുന്നതനി ടയ്ക്ക് ആറു സ്ഥലത്തുവച്ച് ഒരു വാഹനത്തെ ചെക്ക് ചെയ്യുന്നു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി ചോദിക്കാനുള്ളത് അതിലെ യാത്രക്കാർ എന്ത് തെറ്റ് ചെയ്തുവെന്നാണ്. അതിലെ പാവ പ്പെട്ട ഡ്രൈവർ എന്തു തെറ്റാണ് ചെയ്യുന്നത്? ഇത്രയും ക്രൂരമായ ഒരു നിയമം ഈ സാധുക്കൾക്കെതിരെ അടിച്ചേൽപ്പിക്കുന്ന ഈ ക്രൂരമായ നട പടി നിങ്ങൾക്ക് ഒന്നവസാനിപ്പിച്ചുകൂടേ? ഇവിടെ റോഡുകളുടെ സ്ഥിതി യെക്കുറിച്ചൊക്കെ വിശദമായി സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിലേ ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ട്രാഫിക് പോലീസുകാർ തിരുവ നന്തപുരം സിറ്റിക്കകത്തുവച്ച് ഒരു വാഹനം പരിശോധിച്ചതിനുശേഷം ഈ വാഹനം പരിശോധിച്ചുവെന്ന് ഒരു ചെക്ക് നോട്ടീസ് അതിൽ ഒട്ടിച്ചു അയയ്ക്കാൻ നിങ്ങൾക്ക് ഈ രാജ്യത്ത് വകുപ്പില്ലേ? അതിനുശേഷം നേമം വരെ എത്തിക്കഴിയുമ്പോൾ അവിടത്തെ പോലീസ് ഉദ്യോഗസ്ഥൻമാർ പടച്ചട്ടയിട്ടുകൊണ്ട് നിൽക്കുകയാണ് പരിശോധിക്കുവാനായി. എന്തെങ്കിലും ചോദിച്ചാൽ അപ്പുറത്തു പരിശോധിച്ചു കഴിഞ്ഞതയുള്ളുവെന്ന് പറഞ്ഞു കഴുഞ്ഞാലുടൻ അവന്റെ കയ്യിലിരിക്കുന്ന ലാത്തികൊണ്ട് ഡ്രൈവറുടെ പള്ളയ്ക്കിട്ട് ഒരു കുത്ത് കൊടുക്കുന്നു. ഈ നിയമം ഇവിടെ എങ്ങനെയാണ് ഉണ്ടായത്? നേമത്തു നിന്നും ഏതെങ്കിലും വിധത്തിൽ രക്ഷപ്പെട്ടു കഴിഞ്ഞാൽ ബാലരാമപുരത്ത് ചെല്ലുമ്പോൾ അവിടെയുമുണ്ട് പോലീസുദ്യോഗസ്ഥൻമാർ. അവിടെയും പോലീസുദ്യോഗസ്ഥൻ മാർക്ക് സമാധാനം പറയണം. നെയ്യാറിൻകര ചെല്ലുമ്പോഴും അവിടെയുമുണ്ട്. പാറശ്ശാല ചെന്നാൽ അവിടെയുമുണ്ട്. ഈ ഓരോരുത്തർക്കും സമാധാനം പറയണം. ഇതിലെ യാത്രക്കാരെ മൃഗീയമായി പീഡിപ്പിക്കുന്നതിന് തുല്യ മാണ് ഈ ഓരോ യാത്രയ്ക്കിടയ്ക്കും അര മണിക്കൂർ ഒരു മണിക്കൂർ ഒന്നര മണിക്കർ വീതം അവിടെ കാവൽ കിടക്കുകയെന്നുള്ളത്. ഇല്ലാത്ത കുറ റത്തിന് അവർ കേസ് കോംപൗണ്ട് ചെയ്യണം. ഇത് എവിടത്തെ പ്രാകൃത നീയമമാണ്. ഇല്ലാത്ത കുറ്റത്തിന് ഒരു വണ്ടിയിൽ കുറ്റമുണ്ടെന്നോ കണ്ടാൽ പോലും അതിനെ പരിഹരിച്ചുകൊണ്ടു വരുന്നതിന് നോട്ടീസ് കൊടുക്കേണ്ട ബാദ്ധ്യതയുണ്ട്. ഇങ്ങനെ ഒരു ചാർജ്ജ് കണ്ടുപിടിച്ചാൽ അതിന്റെ പിഴ ഈടാക്കുന്നതിന് ഈ രാജ്യത്ത് കോടതിയുണ്ട്. അതിന് കോടതിയിലേക്ക് അയയ്ക്കേണ്ടതാണ്. കോടതിയിലേക്ക് അയച്ചുകഴിഞ്ഞാൽ കോടതി നല്കുന്ന പിഴയാണ് കൊടുക്കേണ്ടത്. പക്ഷേ ഇവിടെ പോലീസ് ഉദ്യോഗ സ്ഥൻമാരെ കയറൂരി വിട്ടതിനുശേഷം അവരുടെ നേരെ മാരകായുധങ്ങളു മായി പള്ളയ്ക്കടിക്കാൻ ഓടിച്ചെന്നാൽ അവർ എന്തു ചെയ്യും? എനിക്കറിഞ്ഞു കൂടാത്തതുകൊണ്ട് ചോദിക്കുകയാണ്, ബന്ധപ്പെട്ട ട്രാൻസ്പോർട്ടു വകു പ്പിന്റെ ചുമതലവഹിക്കുന്ന മന്ത്രിയായാലും ശരി ഈ രാജ്യത്തെ മുഴുവൻ ചുമതല വഹിക്കുന്ന മുഖ്യമന്ത്രിയായിരുന്നാലും ശരി, ഇതിന്റെ മറുപടി പറയേണ്ടതാണ്. ഈ തൊഴിലാളികൾ എന്ത് ചെയ്യണം? അവർക്ക് നേരെ ചുരുട്ടിയ മുഷ്ടിയുമായി കടന്നുചെല്ലുമ്പോൾ അവർക്ക് കുറ്റം സമ്മതി ക്കുകയല്ലാതെ മറ്റൊരു നിർവ്വാഹവുമില്ല. മോട്ടാർ വെഹിക്കിൾസ് നിയ മത്തിൽ എഴുതി വച്ചിട്ടുണ്ട്. ഒരാളിന്റെ ലൈസൻസോ, അല്ലെങ്കിൽ ബുക്കിന്റെ അല്ലെങ്കിൽ വണ്ടിയുടെ ആർ സിയോ കൈയിൽ വാങ്ങിച്ചു കഴി ഞ്ഞാൽ അതിന്റെ റെസീറ്റ് കൊടുക്കണം. ഏതെങ്കിലും കാരണവശാൽ ടാക്സ് അടയ്ക്കുന്നതിനു വേണ്ടിയോ ലൈസൻസ് പുതുക്കുന്നതിനു വേണ്ടിയോ ബന്ധപ്പെട്ട ആർ. ടി. ഒ. ഓഫീസിൽ കൊടുത്തു കഴിഞ്ഞാൽ അവിടെ നിന്ന് റെസീറ്റ് കൊടുക്കണം. റെസീറ്റ് കിട്ടാത്ത സാഹചര്യ ത്തിൽ ഇതാണ് കാരണമെന്ന് പറഞ്ഞുകഴിഞ്ഞാൽ ആ പോലീസ് ഉദ്യോഗ സ്ഥൻ ചെയ്യേണ്ടതു ഉടൻ ഒരു നോട്ടീസ് കൊടുക്കണം. ആ നോട്ടീ

LIBRARY ARCHIVES Kerala Legislative Assembly

സിന്റെ അടിസ്ഥാനത്തിൽ ഏഴ് ദിവസത്തിനകമോ അല്ലെങ്കിൽ പത്ത് ദിവസത്തിനകമോ ബന്ധപ്പെട്ട രേഖ ഹാജരാക്കേണ്ടതാണ്. എന്നു ഈ രാജ്യത്ത് നടക്കുന്നത് അതൊന്നുമല്ല. പോലീസുദ്യോഗസ്ഥൻമാരുടെ ഇഷ്ടാനുസരണമാണ് എല്ലാം നടക്കുന്നത്. കാക്കി വേഷധാരിയാണ് ഈ ഡ്രൈവർമാർ. ഈ രാജ്യത്തെ മുഖ്യമന്ത്രിക്കും ഉണ്ട് ഒരു ഡ്രൈവർ. ഇൻഡ്യയുടെ പ്രധാനമന്ത്രിക്കും ഒരു ഡ്രൈവറുണ്ട്. ആ ഡ്രൈവർമാരെപ്പോലെ തന്നെ പ്രാധാന്യമുള്ള ഈ പാവപ്പെട്ട ഡ്രൈവർമാർക്കെതിരെ ഇത്രയും ക്രൂരമായ നടപടികളും എന്തിനാണ്? ഇന്നലെ ഭരണപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട ഹസ്സൻ ഇവിടത്തെ ട്രക്കർമാരുടെ ഒരു ധർണയെ അഭിസംബോധന ചെയ്തു സംസാരിച്ചു. അവരുടെ ദയനീയ സ്ഥിതിക്കു പരിഹാരം കണ്ടെത്താൻ അദ്ദേഹം കിണഞ്ഞു പരിശ്രമിക്കുമെന്ന് അദ്ദേഹം ഏറ്റിരിക്കുകയാണ്. അതിന്റെ തലേദിവസം മറ്റൊരു വിഭാഗം ആളുകൾ സെക്രട്ടേറിയറ്റ് നടയിൽ ധർണ നടത്തി. അവർക്കെതിരെ നടത്തുന്ന ഈ ക്രൂരമായ വിനോദത്തിന്, ഈ കാടത്തം നിറഞ്ഞ പെരുമാറ്റത്തിന് പരിഹാരമുണ്ടാക്കിയേ തീരൂ. എനിക്കറിയുവാനുള്ളത് കേരളാ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വാഹനങ്ങൾ ഓടുന്നില്ലേ, അതിൽ ഓവർലോഡ് കയറ്റാൻ എത്ര പേരെയാണ് അനുവദിച്ചിട്ടുള്ളത്? Standing Capacity സിറ്റിംഗ് കപ്പാസിറ്റിയുടെ 25 ശതമാനമാണ്.. അപ്പോൾ 40 സീറ്റുകളുള്ള ഒരു വാഹനത്തിൽ 10 ആളുകളെക്കൂടി കയറ്റാനെ നിയമമുള്ളൂ. എന്നാൽ അതിൽ എത്ര പേരെയാണ് തിരുകിക്കയറ്റുന്നത്. അതിനെതിരായി നടപടിയെടുക്കാൻ കരുത്തില്ലാത്ത സർക്കാരിന് ഈ രാജ്യത്തെ പാവപ്പെട്ട ഒരാളിന്റെ വണ്ടിയിൽ ആറിനു പകരം ഏഴുപേരെ കയറ്റിയാൽ 20-ന് പകരം 21 പേരെ കയറ്റിയാൽ അവർക്ക് എതിരായിട്ട് കേസെടുക്കും. എനിക്ക് മനസ്സിലാക്കാൻ സാധിക്കും ആളുകളെ മനഃപൂർവ്വം ഉപദ്രവിച്ച് ആ വണ്ടിയെ തടഞ്ഞിട്ട് അതിലെ ഡ്രൈവറെ തെറിവിളിച്ച്, അയാളുടെ അമ്മയേയും സഹോദരിയേയും പോലെ പ്രായമുള്ളവരുടെ മുൻപിൽ വച്ച്-അവരെപ്പോലുള്ളവരാണ് ആ വാഹനത്തിനകത്ത് ഇരിക്കുന്നതെന്നുള്ള കാര്യം പോലീസുകാർ വിസ്മരിക്കുന്നു. അങ്ങനെയുള്ള ആളുകളുടെ നേരെ കേറ്റിക്കാൻ കൊള്ളാത്ത തെറിയും വിളിച്ച് ഈ രീതിയിൽ ഒരു ഭരണം ഈ രാജ്യത്ത് നടത്തണമോ. (ബഹളം). ഈ അടുത്ത കാലത്ത് തുടങ്ങിയ ഒരു പ്രതിഭാസമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി പറയുകയാണ്, അദ്ദേഹത്തിന്റെ കൈയിൽ ആഭ്യന്തരവകുപ്പു വന്നതിനുശേഷമുള്ള അഴിഞ്ഞാട്ടമാണ് ഇവിടെ നടക്കുന്നത്. പോലീസുദ്യോഗസ്ഥൻമാർ തെരുവുകളിൽ നിന്ന് പറയുന്നത് കേറ്റിക്കാം എന്താണവർ പറയുന്നതെന്നറിയാമോ? ഇവിടെ കേരള മുഖ്യമന്ത്രി ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന കാലത്തോളം ഒരു സസ്പെൻഷൻ വന്നാലും സാരമില്ല. ഒരാഴ്ചയ്ക്കകം അദ്ദേഹം തിരിച്ചെടുക്കും ഇല്ലെങ്കിൽ ഒരു മാസത്തിനകം തിരിച്ചെടുക്കും. ഞങ്ങൾക്ക് ഭയപ്പെടേണ്ടയാതൊരു കാര്യവുമില്ല. അദ്ദേഹം തന്നിട്ടുള്ള അനുവാദമനുസരിച്ചാണ് ഞങ്ങൾ തോന്നിയതുപോലെ പ്രവർത്തിക്കുന്നത്. എന്നാണവർ പറയുന്നത്. ഈ രീതിയിലുള്ള പ്രവർത്തനം ഒന്നുമാറ്റിയാലേ തീരൂ. ഈ രാജ്യത്ത് ഒരു സാംസ്കാരിക വിപ്ലവം ഉണ്ടാകണം. അത് ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

ഈ രാജ്യത്ത് പ്രൈവറ്റ് ബസ്സുകളുണ്ട്. ഈ പ്രൈവറ്റ് ബസ്സുകളിൽ എത്രപേരെയാണ് കയറ്റിക്കൊണ്ടു പോകുന്നത്? ഈ മന്ത്രി എവിടെ പോയിരിക്കുകയാണ്? ഇവിടെ നടക്കുന്ന അഴിമതികളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അതിനെക്കുറിച്ച് പറയുകയാണെങ്കിൽ ട്രാൻസ്പോർട്ട് വകുപ്പ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് മിനിസ്റ്ററായിരുന്ന കാലത്തുണ്ടായ സംഭവത്തെക്കുറിച്ച്. ഈയടുത്ത കാലത്തുണ്ടായ കോടതി പരാമർശങ്ങളിലേക്കു കടക്കേണ്ടി വരും. അതുകൊണ്ടു ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ അഴിമതികളെക്കുറിച്ചുള്ള മൂലാമാലകം 10, 12 ലക്ഷങ്ങളിലായി മാതൃഭൂമി പത്രത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആർ. ടി. ഒ. ഓഫീസിലെ ക്രമക്കേടുകളെപ്പറ്റി സർ, ഞാനൊരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ, അടിമുടി അഴിമതി നിറഞ്ഞ, ഈ രാജ്യത്തെ ജനങ്ങളെ ഏറ്റവും കൂടുതൽ പീഡിപ്പിക്കുന്ന ഒരു വകുപ്പായിട്ട് മാറിയിരിക്കുകയാണ്. ഇതിനെ ജനാധിപത്യവൽക്കരിക്കണം, ജനങ്ങൾക്ക് പ്രയോജനമുള്ളതായിത്തീർക്കണം. 300 രൂപയിൽ കൂടിയ തുകകളെല്ലാം ബാങ്കിൽ അടക്കണം. അല്ലെങ്കിൽ ട്രഷറിയിൽ അടയ്ക്കണമെന്ന് നിയമമുണ്ടാക്കണം. എന്താണു സർ. ഈ ട്രാൻസ്പോർട്ടാഫീസിലെ ഉദ്യോഗസ്ഥൻമാരുടെ ജോലി? ഒരു വർഷത്തിൽ 4 തവണ ടാക്സ്. എടുത്തുകൊണ്ടിരുന്നതിനെ ഒരു തവണയാക്കി. അവർക്ക് ജോലി ഭാരം കുറഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ തുകകളും, ഒരു സ്ഥലത്തുനിന്ന് ഒപ്പിട്ടു വാങ്ങിക്കണം. മറെറാരു സ്ഥലത്ത് കൊണ്ടു അടയ്ക്കണം. ഇത് വലിയ അസൗകര്യം നിറഞ്ഞ കാര്യമാണ്. എനിക്കു മുൻപ് പ്രസംഗിച്ച ശ്രീ. വി. ജെ. തങ്കപ്പൻ ചോദിച്ചു 200 രൂപയെ 100 രൂപയാക്കിയത് എങ്ങനെയാണെന്ന്. അതിനുള്ള സാധൂകരണം എന്താണ് എന്ന് ? അതിനുള്ള റിപ്പോർട്ട് വല്ലതും ആരെങ്കിലും കൊടുത്തിട്ടുണ്ടോ? എന്തടിസ്ഥാനത്തിലാണ് ഇത് ചെയ്തതെന്ന് തോന്നിയതു തോന്നിയപോലെ ചെയ്യുന്ന ഒരു വകുപ്പായി ഇന്ന് മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ് മാറിയിരിക്കുകയാണ്. എന്തു തോന്നിയാലും അത് നടപ്പിലാക്കാൻവേണ്ടി ഈ രാജ്യത്ത് ഒരു മന്ത്രി വേണമോ? ഈ രാജ്യത്ത് ഏകാധിപതികളുടെ ലോകത്തല്ല നമ്മൾ ജീവിക്കുന്നത്. ഈ രാജ്യത്ത് ജനാധിപത്യമാണ് നിലനിൽക്കുന്നതെങ്കിൽ ജനങ്ങൾക്ക് പ്രയോജനമുള്ള തരത്തിൽ, ജനങ്ങൾക്ക് അസൗകര്യം കുറഞ്ഞ തരത്തിൽ ഇതിനെ മുന്നോട്ടു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഈ നിയമത്തെ മാറ്റിയെഴുതി, അതിന് ആവശ്യമായ ഭേദഗതികൾ വരുത്തി, ജനങ്ങളുടെ ഭാരം കുറക്കത്തക്കവണ്ണം, ജനങ്ങൾക്ക് മാനം മര്യാദയായി യാത്ര ചെയ്യത്തക്കവണ്ണം പോലീസ് ഉദ്യോഗസ്ഥൻമാരുടെ കൈയിൽ അഴിഞ്ഞാടുന്നതിനുള്ള നിയമങ്ങൾ കൊടുക്കാതെ അതിനെയെല്ലാം എടുത്തു കളഞ്ഞതിനുശേഷം ഈ നിയമത്തിന് സമൂലമായ മാറ്റം വരുത്തി ജനാധിപത്യവൽക്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിറുത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി: സ്പീക്കർ]

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ബഹുമാനപ്പെട്ട അംഗങ്ങൾ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അവിടെ ഓഫീസുകളിൽ ഉണ്ടെന്നു പറയപ്പെടുന്ന കൈക്കൂലിയും മറ്റും ഒഴിവാക്കുന്നതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ട പുതിയ നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ബഹുമാനപ്പെട്ട വി. കെ. രാജൻ സംസാരിച്ചപ്പോൾ എതോ ഒരു അസോസിയേഷൻ എൻെറ പേരിൽ പണം പിരിക്കുന്നുവെന്ന് പറഞ്ഞത് ഏതായിരുന്നാലും ഒരു പുതിയ അറിവാണ്. അതിനെക്കുറിച്ച് ഒരു സൂചന തന്നതിന് അദ്ദേഹത്തോട് എനിക്ക് വളരെ നന്ദിയുണ്ട്. ഞാൻ നിർദ്ദേശം കൊടുത്തിട്ടോ എൻെറ ശ്രദ്ധയിലോ അങ്ങനെയുള്ള കാര്യങ്ങളൊന്നും നടക്കുന്നുമില്ല അങ്ങനെ ഒരു അസോസിയേഷനുള്ളതായി എനിക്ക് അറിവുമില്ല. പിന്നെ ഇവിടെ പറഞ്ഞ മറ്റു പല കാര്യങ്ങളും എന്നെയോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിനേയോ നേരിട്ട് ബാധിക്കാത്ത കാര്യങ്ങളാണ്. പല പരാമർശങ്ങളും അതിശയോക്തിപരമാണ്. ഈ സഭയിലിപ്പോൾ ഇല്ലാത്ത ആളുകളെക്കുറിച്ചുകൂടി പറഞ്ഞതിന് എന്തെങ്കിലും മറുപടി പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നില്ല. ബഹുമാനപ്പെട്ട വി. സി. കബീർ സംസാരിച്ചപ്പോൾ പറഞ്ഞു ഇപ്പോൾ ഒരു വർഷത്തേക്കുള്ള പണം മുഴുവനും അടയ്ക്കാൻ സൗകര്യം ചെയ്തിരിക്കുന്നു എന്ന്. അത് 5 വർഷത്തേക്ക് ഒരുമിച്ച് അടയ്ക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമുണ്ടാക്കണമെന്നുള്ള നിലയിലാണ് അദ്ദേഹം ഒരു നിർദ്ദേശം ഉന്നയിച്ചത്. തീർച്ചയായും അത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. മോട്ടോർ വെഹിക്കിൾസ് ആക്ടിൽ 127 (ബി) എന്ന സെക്ഷനനുസരിച്ച് ഒഫൻസ് കോംപൗണ്ട് ചെയ്യാൻ ഉദ്യോഗസ്ഥൻമാരെ അധികാരപ്പെടുത്തുന്നതിന് നിശ്ചയിക്കുകയുണ്ടായി. അത് സ്റ്റേറ്റ് ഗവൺമെന്റിന് നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ഇപ്രകാരം കോംപൗണ്ട് ചെയ്യാൻ മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥൻമാരെയും ട്രാഫിക്ക് വിംഗിലുള്ള സബ് ഇൻസ്പെക്ടർ മുതൽ മേലോട്ടുള്ള ഉദ്യോഗസ്ഥൻമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നത്. ഏതെങ്കിലും ഒരു സ്ഥലത്തുവച്ച് ഒരു കുറ്റകൃത്യം കണ്ടെത്തിക്കഴിഞ്ഞാൽ ആ കുറ്റകൃത്യം പരിഹരിക്കപ്പെട്ടുകൊണ്ടായിരിക്കണം ആ വാഹനം പിന്നീട് പോകേണ്ടത്. പക്ഷെ പലപ്പോഴും ചെയ്തുവരുന്നത്, ആ കുറ്റകൃത്യത്തിൽ പരിശോധനയിൽ കണ്ടതായ വീഴ്ചകളും പരിഹരിക്കാതെ വാഹനങ്ങളിൽ വീണ്ടും യാത്രക്കാരെ കയറ്റിക്കൊണ്ടുപോകുമ്പോൾ അപകടങ്ങളും അതുപോലെയുള്ള മറ്റു പല സംഭവങ്ങളും ഉണ്ടാകുന്നു. അത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഓരോ സ്ഥലങ്ങളിലും പരിശോധന നടത്തുന്നത്. ആ കുറ്റങ്ങളും പരിഹരിക്കപ്പെടാതെ പോകുമ്പോൾ വീണ്ടും അവരുടെ മേൽ കോംപൗണ്ട് ചെയ്യേണ്ട സ്ഥിതി വിശേഷമുണ്ടാകുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിച്ചതിൽ ഏറ്റവും കൂടുതൽ കാര്യങ്ങളും പറഞ്ഞത് ടെംബോ, ട്രക്കർ സർവ്വീസുകളെപ്പറ്റിയാണ്. ഞാൻ ഒരു കാര്യം വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. ഒരു ട്രക്കിലാണെങ്കിൽ ഡ്രൈവറുൾപ്പെടെ ഒൻപത് പേർക്ക് ആ വണ്ടിയിൽ യാത്ര ചെയ്യാനുള്ള പെർമിറ്റുണ്ട്. ടെംബോവാനിലാണെങ്കിൽ പരമാവധി 16 പേരെ കയറ്റിക്കൊണ്ടുപോകാനുള്ള പെർമിറ്റുണ്ട്. ആ പെർമിറ്റ് ചട്ടങ്ങളനുസരിച്ചുള്ള ആളുകളെ കയറ്റിക്കൊണ്ടുപോകുന്നതിന് യാതൊരു തടസ്സവുമില്ല. പക്ഷേ ഇവിടെ ചെയ്യുന്നത് കെ. എസ്. ആർ. റ്റി. സി. ബസ്സ് പോകുന്ന പാഠശാല മുതൽ അങ്കമാലി വരെയുള്ള ദേശവൽകൃത റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസിന്റെ മുൻപിലും പിന്നിലുമായി മൽസരിച്ച്, അത് ഗവൺമെന്റിനോട് ഒരു വെല്ലുവിളി എന്ന നിലയിൽ ട്രക്കർ, ടെംബോ വാനുകൾ സർവ്വീസ് നടത്തുകയാണ്. ഇന്ന് ട്രക്കർ വണ്ടിയിൽ 30-35 ആളുകളെയാണ് കയറ്റി കൊണ്ട് പോകുന്നത്. ടെംബോ വാനുകളിലാണെങ്കിൽ ചാളയടുക്കിയതുപോലെ ആളുകളെ കയറ്റിക്കൊണ്ട് പോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് അടുത്തകാലത്ത് വാഹനങ്ങൾ ധാരാളം അപകടങ്ങൾ ഉണ്ടാക്കുന്നതായി നാറ്റ്പാക്ക് നടത്തിയിട്ടുള്ള സ്റ്റഡിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ശ്രീ. വി. സി. കബീർ : താങ്കളിപ്പോൾ ട്രക്കറിൽ ധാരാളം ആളുകളെ കയറ്റുന്നതിൽ രോക്ഷാകുലനാണല്ലോ? കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യാൻ സൗകര്യമില്ലാത്തതുകൊണ്ടാണ് കിട്ടുന്ന വണ്ടിയിൽ കയറി ആളുകൾ പോകുന്നത് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): ചാളയടുക്കുന്നതുപോലെയാണ് ആളുകളെ കയറ്റികൊണ്ടുപോകുന്നത്. അടുത്ത കാലത്ത് നാറ്റ്പാക്ക് നടത്തിയ സ്റ്റഡിയിൽ ഇങ്ങനെയുള്ള വാഹനങ്ങൾ ധാരാളം അപകടമുണ്ടാക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ ഗവൺമെന്റ് ട്രക്കർ സർവ്വീസ് അല്ലെങ്കിൽടെംബോ വാൻ സർവ്വീസുകൾ സ്റ്റേജ് കാരിയേജ് നടത്തുന്നതുപോലെ സർവ്വീസ് നടത്തുന്നത് നിയന്ത്രിച്ചിട്ടുണ്ടെങ്കിൽ ആ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രിച്ചറൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. മെച്ചപ്പെട്ടനിലയിൽ ബസ്സുകളും ഇൻട്രൊഡ്യൂസ് ചെയ്തതിനു ശേഷമാത്രമാണ്. ആതായത് ഒക്ടോബർ ഒന്നു മുതലാണ് പാറശ്ശാല മുതൽ അങ്കമാലിവരെയുള്ള ലൈനിൽ ഈ നിന്ത്രണമേർപ്പെടുത്തിയത്. അതിനാവശ്യമായ വിധത്തിൽ ബസ്സുകളും റോഡിലിറക്കുകയും യാത്രകാർക്ക് സൗകര്യങ്ങളുണ്ടാക്കികൊടുക്കുകയും ചെയ്തിട്ടുതന്നെയാണ്. ഇതുവരെ അങ്ങനെ ഒരു നിയന്ത്രണമേർപ്പെടുത്തിയിരുന്നില്ല. ഏർപ്പെടുത്തിയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനം കൂടിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഒക്ടോബറിൽ അഞ്ചുകോടി അറുപതുലക്ഷം രൂപയാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് കിട്ടിയതെങ്കിൽ ഈ കൊല്ലം ഒക്ടോബറിൽ കിട്ടിയത് എട്ടുകോടി മുപ്പത്തിനാല് ലക്ഷം രൂപയാണ്. ആ വ്യത്യാസം തന്നെ ചൂണ്ടി കാണിക്കുന്നത് ഇത് നിയന്ത്രിച്ചതുകൊണ്ട് കൂടുതൽ യാത്രക്കാരെ കിട്ടുകയും കൂടുതൽ ബസ്സുകളിറക്കി യാത്രക്കാർക്ക് സൗകര്യമുണ്ടാക്കുകയും ചെയ്തുവെന്നാണ്. അതുകൊണ്ട് തന്നെയാണ് ഈ മാറ്റമുണ്ടായത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : ബഹുമാനപ്പെട്ട മന്ത്രി ട്രക്കറുകളിൽ ഓവർലോഡ് കയറ്റുന്നതിനെക്കുറിച്ച് പറഞ്ഞു. ട്രാൻസ്പോർട്ടിൽ എത്ര ആളുകളെയാണ് ഓവർലോഡ് കയറ്റാൻ അനുവദിച്ചിട്ടുള്ളത്. അതിനെ എങ്ങനെ നിയന്ത്രിക്കാൻ സാധിക്കും. അതുപോലെ സ്വകാര്യ ബസ്സുകളിലും എത്രപേരെ ഓവർ ലോഡ് കയറ്റാൻ അനുവദിച്ചിട്ടുണ്ട്. അതിനെ നിയന്ത്രിക്കാൻ എന്ത് നടപടി എടുത്തു എന്നു കൂടി വ്യക്തമാക്കാമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി.കെ. വേലായുധൻ) : കെ. എസ്. ആർ. ടി.സി.യെ സംബന്ധിച്ചുള്ള വിഷയങ്ങളൊന്നും ഇവിടെ ചർച്ചയ്ക്ക് വരേണ്ട കാര്യമില്ല. ഇവിടെ നമ്മുടെ ഈ നിയമത്തെ ബന്ധപ്പെടുത്തിക്കൊണ്ട് പറഞ്ഞപ്പോഴാ ട്രക്കർ സർവ്വീസിന്റെ കാര്യം കടന്നുവന്നു എന്നുമാത്രമേയുള്ളു. ഒരു കാര്യം വളരെ വ്യക്തമായി പറയാൻ ഇപ്പോഴും ആഗ്രഹിക്കുന്നു. ആ കാര്യത്തിൽ ഏതെങ്കിലും അഹങ്കാരത്തിന്റെയോ സർക്കാരിന്റെ ദുർവാശിയുടേയോ പിടിവാശിയുടേയോ പ്രശ്നമില്ല. കെ. എസ്. ആർ. ടി. സി. എഫിഷ്യൻറായി സർവ്വീസ് നടത്തുന്ന ദേശവൽക്കൃത റൂട്ടുകളിൽ ഒരു കാരണവശാലും സർവ്വീസിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ട്രക്കർ ടെംബോ വാഹനങ്ങൾ സർവ്വീസ് നടത്താൻ അനുവദിക്കാൻ നിവൃത്തിയില്ല. അതു നിയന്ത്രണവിധേയമായിട്ടു തന്നെ തുടരാനേ സാധിക്കുകയുള്ളു. ഇവിടെ പാവപ്പെട്ട ആളുകളാണ് വണ്ടികളെടുത്തിരിക്കുന്നത് എന്ന് പറഞ്ഞു. ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പൻ സംസാരിച്ചപ്പോൾ പറഞ്ഞു ഈ 100 രൂപ എങ്ങനെ കുറച്ചുവെന്ന്. ചെറിയ വാഹന ഉടമകൾ ഗവൺമെൻറിനെ കാണുകയും ഗവൺമെൻറിന്റെ അടുത്ത് നിവേദനം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 200 രൂപയായി വർദ്ധിപ്പിച്ചത് 100 രൂപയാക്കി കുറയ്ക്കാനിടയാക്കിയത്. അതു മാത്രമല്ല അയൽ സംസ്ഥാനങ്ങളിൽ ഇത് six-seater ആയി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യങ്ങളുണ്ടാക്കുകയും നമ്മുടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതിനുപകരം അയൽ സംസ്ഥാനത്ത് പോയി രജിസ്റ്റർ ചെയ്യുകയും നമുക്ക് കിട്ടേണ്ട റവന്യൂ കളക്ഷൻ കുറയുകയും ചെയ്യുന്ന ഒരു അവസ്ഥ മനസ്സിലാക്കികൊണ്ട് ഈ വാഹനങ്ങളെല്ലാം ഇവിടെത്തന്നെ രജിസ്റ്റർ ചെയ്യുന്നതിന് വാഹനയുടമകളെ ആകർഷിക്കുകയും ചെയ്യുക എന്നുള്ള നിലയിലാണ് ഇത് കുറയ്ക്കേണ്ടി വന്നത്. ഇവിടെ ഉന്നയിച്ചതായ എല്ലാ നല്ല ഉപദേശങ്ങളും ഉൾക്കൊള്ളാനും നടപടി സ്വീകരിക്കാനും ഗവൺമെൻറ് തയ്യാറാണ്. ഇത് സബ്ജക്ട് കമ്മിറ്റിയ്ക്കയക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ബിൽ നിരാകരിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച 5-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. (ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.)

VII 58-ാം ചട്ടപ്രകാരമുള്ള ചർച്ച

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 1983-84-ലെ പ്രവർത്തന റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പി. എസ്. സി. യുടെ പ്രവർത്തന റിപ്പോർട്ടിനെ സംബന്ധിച്ച് ഈ സഭയിൽ ചർച്ച നടക്കുകയുണ്ടായി. അന്ന് ചില നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുമറുപടിപറയുകയും ചെയ്തിരുന്നു. ഇത്തവണ അവതരിപ്പിച്ചിരിക്കുന്ന റിപ്പോർട്ടിലും 1983-84-ലെ സ്ഥിതിഗതികളിൽനിന്നും യാതൊരു മാറ്റവും വന്നിട്ടില്ല എന്നുള്ള സൂചനയാണ് നൽകുന്നത്. സർ, ഞാൻ ഇതു പറയുന്നതിനുള്ള പ്രധാന കാരണം പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട് വസ്തുതകൾ പൂർണ്ണമായും വെളിപ്പെടുത്തണമെന്നുള്ളതായിരിക്കണം. നിർഭാഗ്യവശാൽ ഈ റിപ്പോർട്ടിൽ വസ്തുതകളൊന്നും പൂർണ്ണമായി നൽകുന്നില്ല. റിപ്പോർട്ടു എന്നു പറയാവുന്ന നിലയിൽ എഴുതിയിട്ടുള്ളത് നാലഞ്ചാറു പേജുകൾ മാത്രമാണ്. ബാക്കിയുള്ളതു മുഴുവനും ടാബുലേറ്റഡ് സ്റ്റേറ്റുമെന്റും അപ്പൻറിക്സും മാത്രമാണ്. ഇത് ഒരിക്കലും ഈ സഭയിൽ ആരോഗ്യകരമായ ചർച്ചയ്ക്ക് സഹായകമായിത്തീരുന്നില്ല. അതുകൊണ്ട് ഈ റിപ്പോർട്ടിൽ വിശദമായ വിവരങ്ങൾ നൽകുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ സന്ദർഭത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഔദ്യോഗിക കേന്ദ്രങ്ങളിൽനിന്നും എനിക്കു ലഭിച്ച ചില അനൗദ്യോഗിക കണക്കുകൾ വച്ചുകൊണ്ട് ഞാൻ ഇവിടെ സംസാരിക്കാൻ ഉദ്ദേശിക്കുകയാണ്. നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷൻ ഇൻഡ്യയിലേക്ക് ഏറ്റവും വലുതാണ്. ഏറ്റവും ഒടുവിൽ കിട്ടിയ കണക്കനുസരിച്ച് 1980-81-ൽ നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷനിൽ കിട്ടിയ അപേക്ഷകളുടെ എണ്ണം ഏഴുലക്ഷത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി എൺപത്തിരണ്ടാണ്. 1981-82-ൽ 5,42,605 ആണ്. 1982-83-ൽ 6,92,005 ആണ്. 1983-84-ൽ 7,08,000 ആണ്. 1984-85-ൽ 10,69,000 ആണ്. 1985-86-ൽ 8,83,000 ആണ്. അപ്പോഴും ഏകദേശ കണക്കനുസരിച്ച് 20 ലക്ഷം അപേക്ഷകൾ ഇന്ന് പെൻഡിംഗിലാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽനിന്നും അഡ്വൈസ് കൊടുത്തതിന്റെ കണക്കും എന്റെ കൈവശമുണ്ട്- 1980-81-ൽ 16,991, 1981-82-ൽ 20,389, 1982-83-ൽ 15,983, 1983-84-ൽ 21,130, 1984-85-ൽ 17,507, 1985-86-ൽ 17,901. അപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly